# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## കരുമാലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**എറണാകുളം-682030**

**ഇ-മെയിൽ: doekm.ksad@kerala.gov.in**
**ഫോൺ : 0484-2422271**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ- കെ.എസ്.എ.ഇ.കെ.എം.
(പി3)1005/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയതി: 08/10/2025
ഇ-മെയിൽ:
dodekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരുമാല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കരുമാല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരുമാല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ).
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.1)1005/2025 തീയതി: 08/10/2025

# എറണാകുളം ജില്ലയിലെ കരുമാലൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കരുമാലൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മിനു.പി.കെ | ഡെപ്യൂട്ടി ഡയറക്ടർ | 11-08-2025 | 19-08-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-08-2025 | 19-08-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ പോളി ടി ഒ (ഓഡിറ്റ് ഓഫീസർ)
ശ്രീ മധു വി വി (ഓഡിറ്റ് ഓഫീസർ)
ശ്രീമതി ജെസ്സി സി എച്ച് (സീനിയർഗ്രേഡ് ഓഡിറ്റർ)
ശ്രീ ടിനു കെ ജെ (സീനിയർഗ്രേഡ് ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീലത ലാലു | പ്രസിഡന്റ് | 01-04-2024 | 30-11-2024 |
| ശ്രീമതി ബീന സാബു | പ്രസിഡന്റ് | 01-12-2024 | 19-12-2024 |
| ശ്രീമതി സബിത നാസർ | പ്രസിഡന്റ് | 20-12-2024 | 31-03-2025 |
| ശ്രീ മനോജ് കുമാർ എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2024 | 18-09-2024 |
| ശ്രീ സജീവൻ ടി കെ | സെക്രട്ടറി | 19-09-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ മനോജ് കുമാർ എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീമതി ബിന്ദു ബി എ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീമതി എൽസ ഗിൽസ് | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ.സന്ധ്യാദേവി എം | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2024 | 31-03-2025 |
| ഡോ.ശ്രാദ്ധ കൈമൾ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 31-03-2025 |
| ഡോ.ഫാസീല ഇ ഐ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2024 | 31-03-2025 |
| ശ്രീമതി സംഗീത വി എസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ശ്രീമതി സ്നേഹ ജോസഫ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീ സുമേഷ് ടി എസ് | വി. ഇ. ഒ (മനക്കപ്പടി) | 01-04-2024 | 31-03-2025 |
| ശ്രീമതി ഷാലറ്റ് | വി. ഇ. ഒ (കരുമാല്ലൂർ) | 01-04-2024 | 31-03-2025 |
| ഡോ.ഷെന്നി മാത്തൻ | വെറ്ററിനറി സർജൻ , വെളിയത്തുനാട് | 01-04-2024 | 12-11-2024 |
| ഡോ.സലിം കെ മാണിക്കൻ | വെറ്ററിനറി സർജൻ , വെളിയത്തുനാട് (അഡീഷണൽ ചാർജ്)) | 13-11-2024 | 31-12-2024 |
| ഡോ. റിൻസി എം. അലി | വെറ്ററിനറി സർജൻ , വെളിയത്തുനാട് | 01-01-2025 | 31-03-2025 |
| ഡോ.സലിം കെ മാണിക്കൻ | വെറ്ററിനറി സർജൻ, കരുമാല്ലൂർ | 01-04-2024 | 31-12-2024 |
| ഡോ.ശ്രീക്കുട്ടി എസ് എസ് | വെറ്ററിനറി സർജൻ, കരുമാല്ലൂർ | 01-01-2025 | 31-03-2025 |
| അശോകൻ എ എൻ | ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ്, വെളിയത്തുനാട് | 01-04-2024 | 31-03-2025 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | എ.എഫ്.എസിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത. | 1-1-2 |
| 4 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | ഹെൽത്ത് ഗ്രാന്റ് - വാർഷിക ധനകാര്യ പത്രികയിലെ ചെലവും സുലേഖ ചെലവ് പത്രികയിലെയും തുകകൾ തമ്മിൽ വ്യത്യാസം | 1-1-4 |
| 6 | നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുക മുൻകൂർ ഹെഡിൽ ക്രമീകരിച്ചില്ല. | 1-1-5 |
| 7 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച തുക - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല | 1-1-6 |
| 8 | വികസനഫണ്ട് ജനറൽ - വാർഷിക ധനകാര്യ പത്രികയിലെ ചെലവും സുലേഖ ചെലവ് പത്രികയിലെയും തുകകൾ തമ്മിൽ വ്യത്യാസം | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഗ്രാന്റ് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമ പദ്ധതികൾ | 1-7 |
| 15 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | മൊബൈൽ ടവറിന്റെ പൂർണ്ണമായ തറവിസ്തീർണ്ണത്തിന് വസ്തുനികുതി നിർണ്ണയിച്ചില്ല. | 1-10 |
| 18 | നെൽവയൽ -തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ പ്രകാരമുള്ള ഫീസ് ഈടാക്കാതെ സ്വഭാവ വ്യതിയാനം ചെയ്ത ഭൂമിയിൽ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചു | 1-11 |
| 19 | ജീവനക്കാരുടെ തൊഴിൽനികുതി കുറവായി ഈടാക്കി | 1-12 |
| 20 | ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല. | 1-13 |
| 21 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല | 1-14 |
| 22 | കടമുറികളുടെ വാടക - അപാകതകൾ | 1-15 |
| 23 | തനത് വരുമാനം പിരിവ് കാര്യക്ഷമമല്ല - വികസന ഫണ്ട് കുറവ് ചെയ്തു. | 1-16 |
| 24 | ഗുണഭോക്താവ് മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷാപെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്യാതെ ആക്ടീവായി നിലനിർത്തി തുക നിക്ഷേപിച്ചു | 1-17 |
| 25 | എസ്.സി. വിദ്യാർത്ഥികൾക്ക് പഠനോപകരണം - 11സ്റ്റീൽ ടേബിളുകളും, സ്റ്റീൽ ആംഡ് ക്യുഷ്യൻ ചെയറുകളും വിതരണം ചെയ്തിട്ടില്ല- തടസ്സം ₹45,650/- | 1-18 |
| 26 | ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് മുഴുവനും ലഭ്യമായിട്ടില്ല - തുക ₹1133/- തടസ്സപ്പെടുത്തുന്നു. | 1-19 |
| 27 | തുടർ വിദ്യാഭ്യാസ പദ്ധതി - രേഖകൾ ഹാജരാക്കിയില്ല | 1-20 |
| 28 | എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം - തുക ₹15,85,000/- തടസ്സപ്പെടുത്തുന്നു. | 1-21 |
| 29 | നിയമോപദേശം ലഭിച്ചതിന് തുക നൽകിയത് - കേസിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. | 1-22 |
| 30 | അഡ്വക്കേറ്റ് ഫീസ് നൽകുന്നത്- അപാകത | 1-23 |
| 31 | മരം വെട്ടുന്നതിന് തുക നൽകിയത് - തുക തടസ്സപ്പെടുത്തുന്നു | 1-24 |
| 32 | ആവശ്യമില്ലാത്ത പൊതു കുടിവെള്ള ടാപ്പുകൾ കട്ട് ചെയ്തിട്ടില്ല. | 1-25 |
| 33 | FHC – ചുറ്റുമതിൽ മെയിന്റനൻസ്- അപാകത | 1-26 |
| 34 | FHC - ക്വാർട്ടേഴ്സ് നവീകരണം | 1-27 |
| 35 | പൊളിച്ചുകളയുന്ന കട്ടയുടെ വിനിയോഗം വ്യക്തമല്ല. | 1-28 |
| 36 | ബോട്ടിൽ ബൂത്ത് നിർമ്മാണം - സ്ഥാപിച്ച സ്ഥലങ്ങൾ വ്യക്തമല്ല | 1-29 |
| 37 | ടാർ ചെയ്ത റോഡ് മുഴുവൻ സ്ഥലവും 15 സെ.മീ. കനത്തിൽ GSB ചെയ്യേണ്ടതിന്റെ ആവശ്യകത വ്യക്തമല്ല. | 1-30 |
| 38 | മാഞ്ഞാലി കുന്നുംപുറം ഹൽക്ക റോഡ് നിർമ്മാണം - ₹11,59,537/- തടസ്സപ്പെടുത്തുന്നു | 1-31 |
| 39 | മിനി എം.സി.എഫ് നിർമ്മാണം - അപാകതകൾ | 1-32 |
| 40 | ടാറിംഗ് പ്രവൃത്തി - അപാകത | 1-33 |
| 41 | പ്രവൃത്തിക്ക് ആവശ്യമില്ലാത്ത നിബന്ധന ടെൻഡർ നോട്ടീസിൽ/പദ്ധതിയിൽ ഉൾപ്പെടുത്തി - 137623.400 രൂപ തടസ്സപ്പെടുത്തുന്നു | 1-34 |

| | | |
|---|---|---|
| 42 | ഭവന നിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടില്ല | 1-35 |
| 43 | ഹൈമാസ്റ്റ് ലൈറ്റ് മെയിന്റനൻസ് പ്രോജക്റ്റ് നടപ്പാക്കിയതിലെ അപാകത- 100000/- രൂപ തടസ്സപ്പെടുത്തുന്നു | 1-36 |
| 44 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - 12,32,908/- രൂപ തടസ്സപ്പെടുത്തുന്നു. | 1-37 |
| 45 | സ്വയം തൊഴിലിനായി വനിതകൾക്ക് ഇരുചക്ര വാഹനം പദ്ധതി(എസ്.സി വനിത)- രേഖകൾ ഹാജരാക്കിയില്ല. പദ്ധതിപ്രകാരം ചെലവഴിച്ച 1,44,039/- രൂപ തടസ്സപ്പെടുത്തുന്നു | 1-38 |
| 46 | ഓഡിറ്റ് ഇംപാക്റ്റ് | 1-39 |
| 47 | ജൽജീവൻ മിഷൻ | 1-40 |
| 48 | ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും | 1-41 |
| | **ഭാഗം 2** | |
| 1 | ജീവനക്കാരുടെ തൊഴിൽനികുതി കുറവായി ഈടാക്കി | 2-1 |
| 2 | മൊബൈൽ ടവറിന്റെ പൂർണ്ണമായ തറവിസ്തീർണ്ണത്തിന് വസ്തുനികുതി നിർണ്ണയിച്ചില്ല. | 2-2 |
| | **ഭാഗം 3** | |
| | -- No Record Found -- | |
| | **ഭാഗം 4** | |
| 1 | ബഡ്ജറ്റ് രൂപീകരണം ഒടുക്കൽ സംബന്ധിച്ച പരിശോധന. | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-5 |
| 6 | വായ്പ / വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-9 |
| 10 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-12 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം - I
## പൊതു അവലോകനം

### 1-1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്, കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **29.07.2025** ലെ **1(1) -ാം** നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **30.07.2025** തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **കരുമാല്ലൂർ ഗ്രാമ**പഞ്ചായത്തിന്റെ മാർച്ച് 2025 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും **31.03.2025** തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം** അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **കരുമാല്ലൂർ ഗ്രാമ** പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : എറണാകുളം

തീയതി: 08.10.2025

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 എ.എഫ്.എസിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ ( കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 82(എഫ്) ) ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase (Decrease) In Cash And Cash Equivalent" ആയി രേഖപ്പെടുത്തിയിട്ടുള്ളത് -43,19,123.00 ആണ്. എന്നാൽ ഇതേ പത്രികയിലെ "Net Cash Generated By Operating + Investing+ Financing Activity" ആയി രേഖപ്പെടുത്തിയിട്ടുള്ളത് -41,61,57,732.00 ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ് സ്റ്റാൻഡേർഡ് പ്രകാരം ഈ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ലഭ്യമാക്കിയ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ഈ തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-3 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

വസ്തുനികുതി കണക്കുകൾ വാർഷിക ധനകാര്യ പത്രിക, സഞ്ചയകണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-4 ഹെൽത്ത് ഗ്രാന്റ് - വാർഷിക ധനകാര്യ പത്രികയിലെ ചെലവും സുലേഖ ചെലവ് പത്രികയിലെയും തുകകൾ തമ്മിൽ വ്യത്യാസം

ഹെൽത്ത് ഗ്രാന്റ് വിനിയോഗം - വാർഷിക ധനകാര്യ പത്രികയിലെ ചെലവും സുലേഖ ചെലവ് പത്രികയിലെ തുകയും തമ്മിൽ വ്യത്യാസമുണ്ട്.

എ) സുലേഖ ചെലവ് പത്രികയിൽ പ്രോജക്ട് നമ്പർ 331/25 - ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ പ്രോജക്ടിന് 724172 രൂപയാണ് ചെലവ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ 320100202 - Grants For Specific Purposes - Health Grant Towards Support For Diagnostic Infrastructure To The PHCs ഹെഡ് പ്രകാരം ചെലവ് 750492/- രൂപയാണ്. മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ ചെലവ് രേഖകൾ പ്രകാരവും ചെലവ് 750492/- രൂപയാണ്. സുലേഖ ചെലവ് പത്രികയിലെയും വാർഷിക ധനകാര്യ പത്രികയിലെയും ചെലവുകൾ തമ്മിൽ 26320/- രൂപയുടെ വ്യത്യാസമുണ്ട്.

ബി) സുലേഖ ചെലവ് പത്രികയിൽ പ്രോജക്ട് നമ്പർ 330/25 - ആരോഗ്യ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ പ്രോജക്ടിന് 217890/- രൂപയാണ് ചെലവ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ 320100204 - Grants For Specific Purposes - Health Grant Towards Conversion Of PHCs And Subcentres In To Health And Wellness Centres ഹെഡ് പ്രകാരം ചെലവ് 249272/- രൂപയാണ്. മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ ചെലവ് രേഖകൾ പ്രകാരവും ചെലവ് 249272/- രൂപയാണ്. സുലേഖ ചെലവ് പത്രികയിലെയും വാർഷിക ധനകാര്യ പത്രികയിലെയും ചെലവുകൾ തമ്മിൽ 31382/- രൂപയുടെ വ്യത്യാസമുണ്ട്.

## I-1-5. നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുക മുൻകൂർ ഹെഡിൽ ക്രമീകരിച്ചില്ല.

288/25 - വിവിധ വാർഡുകളിലെ പോസ്റ്റ് മാറ്റി വെക്കൽ പ്രോജക്ട് മുഖേന കെ.എസ്.ഇ.ബിയിൽ 62619 രൂപ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും 460500202 - Advance To Implementing Agencies - Deposit With Kerala Electricity Board ഹെഡിൽ ആയത് ചേർത്തിട്ടില്ല.

## 1-1-6 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല

160300105 - Contribution Towards Joint Venture Projects - From Municipal Corporation ഹെഡിൽ 4,51,908/- രൂപ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ ഹെഡ് പ്രകാരമുള്ള യാതൊരു ചെലവ് രേഖകളും പരിശോധനക്ക് ലഭ്യമാക്കിയില്ല. ഏതൊക്കെ പ്രോജക്ടുകൾക്കാണ് ഈ തുക ചെലവാക്കിയതെന്നുള്ള വിവരങ്ങളും ചെലവ് രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-1-7 വികസനഫണ്ട് ജനറൽ - വാർഷിക ധനകാര്യ പത്രികയിലെ ചെലവും സുലേഖ ചെലവ് പത്രികയിലേയും തുകകൾ തമ്മിൽ വ്യത്യാസം

വാർഷിക ധനകാര്യ പത്രിക പ്രകാരം വികസന ഫണ്ട് ജനറൽ ചെലവ് 23762927/- രൂപയും എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ആയത് 23771354/- രൂപയുമാണ്. 72000/- രൂപയുടെ വ്യത്യാസമുണ്ട്.

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് 03.01.2024 ലെ 1-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റി 03.03.2025 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് റിവൈസ് ചെയ്ത് അംഗീകരിച്ചിട്ടുണ്ട്.

| ബജറ്റ് എസ്റ്റിമേറ്റ് | | റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് |
|---|---|---|
| മുന്നിരിപ്പ് | ₹3,07,70,373 | ₹5,29,62,289 |
| വരവ് | ₹40,01,04,103 | ₹37,05,04,393 |
| ആകെ | ₹43,08,74,476 | ₹42,34,66,682 |
| ചെലവ് | ₹42,67,22,000 | ₹39,72,07,198 |
| നീക്കിയിരിപ്പ് | ₹41,52,476 | ₹2,62,59,484 |

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | : | ₹6,80,87,004 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹8,55,80,613 |
| ആകെ | : | ₹15,36,67,617 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹8,98,99,676 |
| നീക്കിയിരിപ്പ് | : | ₹6,37,67,941 |

ഓഡിറ്റ് വർഷത്തെ ആകെ വരവ്, ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ വരവ് ചെലവ് കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ട്രഷറി മുഖേന ലഭിക്കുന്ന ഗ്രാന്റ്, ഗുണഭോക്താക്കൾക്ക് സർക്കാർ നേരിട്ട് കൈമാറുന്ന സാമൂഹ്യ ക്ഷേമ പെൻഷൻ, തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ വരവ് ചെലവ് കണക്കുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 24537150 | 24537150 | 23843354 | 0 | 693796 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 13692000 | 13692000 | 9148680 | 0 | 4543320 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 243000 | 243000 | 9794 | 0 | 233206 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 29869000 | 29869000 | 22208470 | 0 | 7660530 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്) | 0 | 11207000 | 11207000 | 8955117 | 0 | 2251883 |
| സി.എഫ്.സി ഗ്രാന്റ്-ബേസിക് (ബാങ്ക്) | 2609527 | 4490766 (പലിശ 274766 ഉൾപ്പെടെ) | 7100293 | 4387432 | 2712861 | 0 |
| സി.എഫ്.സി ഗ്രാന്റ്-ബേസിക് (ട്രഷറി) | 0 | 91031 | 91031 | 0 | 0 | 91031 |
| സി.എഫ്.സി -ടൈഡ് ഗ്രാന്റ് (ബാങ്ക്) | 3252859 | 9012500 | 12265359 | 5837779 | 6427580 | 0 |

| | | | | | | |
|---|---|---|---|---|---|---|
| സി.എഫ്.സി -ബേസിക് ഗ്രാന്റ് (ടൈഡ്) | 0 | 310612 | 310612 | 0 | 0 | 310612 |
| National Programme For Persons With Disabilities (320100145) (320100152) | 496745 | 613000 | 1109745 | 636875 | 472870 | 0 |
| Rural Housing - Housing For All (320100160) | 4406731 | 5400000 | 9806731 | 1000000 | 8806731 | 0 |
| Other Schemes (320100152) | 215977 | 415137 | 631114 | 415137 | 215977 | |
| റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് (320100161) | 103599 | 0 | 103599 | 0 | 103599 | 0 |
| ലൈബ്രറി ഗ്രാന്റ് (320100190) | 39869 | 0 | 39869 | 0 | 39869 | 0 |
| ഏജ് റിലീഫ് ഗ്രാന്റ് (320100192) | 100000 | 100000 | 200000 | 0 | 200000 | 0 |
| ശുചിത്വ മിഷൻ (320100196) | 2855463 | 2400379 | 5255842 | 1446590 | 3809252 | 0 |
| Literacy Scheme Grant (320100197) | 3467 | 97 | 3564 | 0 | 3564 | 0 |
| ശുചിത്വ മിഷൻ ഗ്രാന്റ്(320100198) | 0 | 611598 | 611598 | 611598 | 0 | 0 |
| Grant For Specific Purposes- Health Grant Towards Support For Diagnostic Infrastructure To The PHCs (320100202) | 981427 | 496362 | 1477789 | 750501 | 727288 | 0 |
| Grant For Specific Purposes- Health Grant Towards Conversion Of PHCs And Subcentres In To Health & Wellness Centres (320100204) | 299014 | 737218 | 1036232 | 249277 | 786955 | 0 |
| Other Liabilities (320100999) | 4275 | 0 | 4275 | 0 | 4275 | 0 |
| Grants, Funds & Contributions For Specific Purposes – Other Than Development Fund & State Sponsored Scheme Funds – Local Area Development Fund For MLAs (320300107) | 16561 | 0 | 16561 | 0 | 16561 | 0 |
| Grants, Funds & Contributions For Specific Purposes – Other Government Agencies – (320300199) | 0 | 84000 | 84000 | 84000 | 0 | 0 |
| Grants, Funds & Contributions For Specific Purposes – Other Financial Institutions (320400199) | 6951 | 0 | 6951 | 0 | 6951 | 0 |
| Donations Related To Pandemic/Epidemic Control (320800102) | 246444 | 6867 | 253311 | 0 | 253311 | 0 |
| Grants, Funds & Contributions For Specific Purposes – International | 2500000 | 0 | 2500000 | 0 | 2500000 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| Organisations-Capital (320000101) | | | | | | | |

കുറിപ്പ്

1. വികസന ഫണ്ട് ജനറൽ വരവിലും ചെലവിലും ഉത്തരവത്തിൽ കുറവ് ചെയ്ത ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹3269201/- ഉൾപ്പെടുന്നുണ്ട്. ചെലവ്, ₹23762927/- റവന്യൂ ചെലവും ₹80427/- മൂലധന ചെലവും ഉൾപ്പെടുന്നതാണ്.

2. വികസന ഫണ്ട് എസ്.സി.പി. വരവിലും ചെലവിലും ഉത്തരവത്തിൽ കുറവ് ചെയ്ത ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹221998/- ഉൾപ്പെടുന്നുണ്ട്. ചെലവ്, ₹8816995/- റവന്യൂ ചെലവും ₹331685/- മൂലധന ചെലവും ഉൾപ്പെടുന്നതാണ്.

3. മെയിന്റനൻസ് ഫണ്ട് – റോഡ് ചെലവ്. ₹13356741/- റവന്യൂ ചെലവും ₹8851729 മൂലധന ചെലവും ഉൾപ്പെടുന്നതാണ്.

4. മെയിന്റനൻസ് ഫണ്ട് - റോഡിതരം ചെലവ്. ₹7144091/- റവന്യൂ ചെലവും ₹831024/- മൂലധന ചെലവും ഉൾപ്പെടുന്നതാണ്.

5. സി.എഫ്.സി.ടൈഡ് ഗ്രാന്റ് ചെലവ് . ₹2592529 റവന്യൂ ചെലവും ₹3945250 മൂലധന ചെലവും ഉൾപ്പെടുന്നതാണ്.

6. സി.എഫ്.സി. ബേസിക് ഗ്രാന്റ് ചെലവ് ₹2890116/- റവന്യൂ ചെലവും ₹ 1457318 മൂലധന ചെലവും ഉൾപ്പെടുന്നതാണ്.

7. ഐ.സി.ഡി.എസ് ഗ്രാന്റ് ചെലവ് ₹1324460/- റവന്യൂ ചെലവും ₹122130 മൂലധന ചെലവും ഉൾപ്പെടുന്നതാണ്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാക്കിയത് എണ്ണം | ഭാഗികമായി നടപ്പാക്കിയത് എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ % |
|---|---|---|---|---|---|---|
| 308 | ₹22,46,37,323* | ₹11,33,04,212 | 128 | 82 | 98 | 41.56% |

*ജി.ഒ പ്രോജക്റ്റ് പ്രകാരം ഉത്തരവത്തിൽ കുറവ് ചെയ്ത ₹34,91,200 ഉൾപ്പെടെ.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 16,64,075 | 16,64,075 | 16,64,075 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 3,86,70,946 | 3,86,70,946 | 3,86,70,946 | 0 |
| **ആകെ** | 0 | 4,03,35,021 | 4,03,35,021 | 4,03,35,021 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകത്തൊഴിലാളി പെൻഷൻ | 93,77,800 | 588 |
| വിധവാപെൻഷൻ | 2,90,44,600 | 1559 |
| വാർദ്ധക്യകാല പെൻഷൻ | 4,80,50,600 | 3176 |
| വികലാംഗപെൻഷൻ | 66,01,900 | 423 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 9,00,400 | 62 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 2,10,000 | 7 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.08.2025 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,750/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണവുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1. പദ്ധതി നിർവ്വഹണ കലണ്ടർ അനുസരിച്ച് നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

2. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.
3. പദ്ധതി മോണിറ്ററിംഗ് ഫലപ്രദമായി നടത്തേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്റ്റുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്റ്റുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ് ഗ്രൂപ്പുകൾക്കാണ്. വർക്കിംഗ് ഗ്രൂപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെയുള്ള അംഗങ്ങളാണ് മോണിറ്ററിംഗ് ഗ്രൂപ്പായി പ്രവർത്തിക്കേണ്ടത്. ഓഡിറ്റ് വർഷത്തിൽ ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്റ്റുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മോണിട്ടറിങ്ങ് റിപ്പോർട്ടായി പല പ്രോജക്ടുകൾക്കൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്റ്റുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.
4. ഗ്രാമ പഞ്ചായത്ത് ആസ്തികളുടെ പരിപാലനം കൃത്യമായി നടത്തേണ്ടതാണ്. നിലവിലുള്ള ആസ്തികൾ കൃത്യമായി നിരീക്ഷണം നടത്തിക്കൊണ്ടിരിക്കുകയും അനധികൃത കയ്യേറ്റങ്ങളും നിർമ്മാണങ്ങളും തടയേണ്ടതുമാണ്. ആസ്തികളോ കെട്ടിടങ്ങളോ വാടകക്ക് നൽകുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിന് നഷ്ടം വരാത്ത രീതിയിൽ ഉചിതമായ തീരുമാനങ്ങളെടുക്കേണ്ടതാണ്.
5. ഡെത്ത് രജിസ്റ്ററിനോടൊപ്പം ആധാർ വിവരങ്ങൾ സൂക്ഷിക്കുന്നില്ല. ആയതിനാൽ മരണപ്പെട്ട സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ അക്കൗണ്ടുകൾ കണ്ടെത്തി സസ്പെൻഡ് ചെയ്യുന്നതിന് നടപടി കാര്യക്ഷമമല്ല എന്ന് വർക്കം ചെയ്യത്. അനർഹരായവരുടെ പെൻഷൻ അക്കൗണ്ടുകൾ യഥാസമയം സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മൊബൈൽ ടവറിന്റെ പൂർണ്ണമായ തറവിസ്തീർണ്ണത്തിന് വസ്തുനികുതി നിർണ്ണയിച്ചില്ല.

സമിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള മൊബൈൽ ടവറിന് 17/441/A കെട്ടിട നമ്പർ നൽകി തന് വർഷം വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം. ആർ.ഡി.3/94/2020 തസ്വഭവ, തീയതി. 26-2-2022 പ്രകാരം മൊബൈൽ ടവറിന്റെ തറ വിസ്തീർണ്ണം, ജനറേറ്റർ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ തറ വിസ്തീർണ്ണം, മറ്റ് അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്ന സ്ഥലത്തിന്റെ തറ വിസ്തീർണ്ണം എന്നിവ കണക്കിലെടുത്താണ് വസ്തുനികുതി നിർണ്ണയം നടത്തേണ്ടത് എന്നാൽ ആയത് പ്രകാരം വസ്തുനികുതി നിർണ്ണയിക്കാത്തതിനാൽ 1600/- രൂപയുടെ കുറവുണ്ടായിട്ടുണ്ട്. വിശദ വിവരം ഖണ്ഡിക 2-2 ൽ ചേർത്തിട്ടുണ്ട്.

## 1-11 നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ പ്രകാരമുള്ള ഫീസ് ഈടാക്കാതെ സ്വഭാവ വ്യതിയാനം ചെയ്ത ഭൂമിയിൽ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചു

കെ.കെ.അബ്ദുൾ ഖാദർ & സുഹറബീവി, കുറുപ്പിന്റകത്തൂട്ട് ഹൗസ്, വെളിയത്തുനാട് എന്നവർക്ക് നോർത്ത് പറവൂർ താലൂക്ക് കരുമാല്ലൂർ വില്ലേജിൽ 1902 ച.മീ വിസ്തീർണ്ണമുള്ള S-S-102/1A-2 സർവ്വേ നമ്പർ ഭൂമിയിൽ 904 ച.മീ തറവിസ്തീർണ്ണമുള്ള Mercantile/Commercial കെട്ടിടം നിർമ്മിക്കുന്നതിന് SC2-BA/306/36/2025 തീയതി - 25-01-2025 നമ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. (നിലവിലുണ്ടായിരുന്നത് – 276 ച.മീ, പുതിയതായി പെർമിറ്റ് നൽകിയത് – 628 ച.മീ, ആകെ – 904 ച.മീ). 23-04-2023 ലെ 1625227 നമ്പർ പൊസഷൻ സർട്ടിഫിക്കറ്റ് പ്രകാരം ടി ഭൂമി Wet Land ആണ്. ലാന്റ് റവന്യൂ വകുപ്പിൽ കരം അടവാക്കിയ KL07036201032/2024 തീയതി 08-04-2024 നമ്പർ രസീത് പ്രകാരം മേൽ ഭൂമി സ്വഭാവ വ്യതിയാനം വരുത്തിയ പുരയിടമാണ്. 2018 ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങൾ, ചട്ടം 12(9) പ്രകാരം സ്വഭാവ വ്യതിയാനം വരുത്തുവാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 3000 ച.അടിയിൽ കൂടുതലാണെങ്കിൽ അപ്രകാരം അധികമായി വരുന്ന ഓരോ ചതുരശ്ര അടിക്കും 100 രൂപ നിരക്കിലുള്ള ഫീസ് കൂടി അടവാക്കേണ്ടതാണ്. ഫോർട്ട് കൊച്ചി സബ് കളക്ടറുടെ 22-09-2020 ലെ K4-3087-19/Kdis നമ്പർ ഉത്തരവ് പ്രകാരം മേൽ സൂചിപ്പിച്ച ഭൂമിക്ക് സ്വഭാവ വ്യതിയാനം അനുവദിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ രണ്ടാം നമ്പർ നിബന്ധനയിലും മേൽ സൂചിപ്പിച്ച ഫീസ് അടവാക്കേണ്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ താഴെ ചേർത്ത പ്രകാരം ഫീസ് അടവാക്കേണ്ടതാണ്.

| | |
|---|---|
| പെർമിറ്റ് പ്രകാരം അനുവദിച്ച തറവിസ്തീർണ്ണം | 904 ച.മീ (9730.58 ച.അടി) |
| 3000 ചതുരശ്ര അടിയിൽ കൂടുതൽ ഉള്ള തറവിസ്തീർണ്ണം | 6730.58 ച.മീ |
| അടവാക്കേണ്ട ഫീസ് | 6730.58 X 100 = 6,73,058/- |

എന്നാൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം മേൽ ഫീസ് അടവാക്കാതെയാണ് പെർമിറ്റ് അനുവദിച്ചത്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (0614-06-2025) കെട്ടിട ഉടമ മേൽ തുക അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമായി. മേൽ സൂചിപ്പിച്ച ചട്ട പ്രകാരമുള്ള തുക ബന്ധപ്പെട്ട സർക്കാർ വകുപ്പിൽ അടവാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1.12 ജീവനക്കാരുടെ തൊഴിൽനികുതി കുറവായി ഈടാക്കി

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 27-06-2024 ലെ സ.ഉ.(സാധാ)നം.1149/2024/LSGD നമ്പർ ഉത്തരവ് പ്രകാരം 2024 രണ്ടാം അർദ്ധവർഷം മുതൽ തൊഴിൽ നികുതി നിരക്കുകൾ പരിഷ്കരിച്ചിട്ടുണ്ട്. തൻവർഷം മൂന്ന് സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധ വർഷം തൊഴിൽനികുതി ഈടാക്കിയതിൽ 3576/- രൂപ കുറവുണ്ടായിട്ടുണ്ട്. വിശദ വിവരങ്ങൾ ഖണ്ഡിക 2.1 ൽ ചേർത്തിട്ടുണ്ട്.

## 1.13 ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 200(1) എ(i), (ii) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി അടവാക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൻ വർഷം തൊഴിൽ നികുതി ഈടാക്കിയില്ല. വിശദ വിരങ്ങൾ താഴെ ചേർക്കുന്നു.

1) താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഒരു അർദ്ധ വർഷം മാത്രമാണ് തൊഴിൽ നികുതി ഈടാക്കിയത്.

| ക്രമ നമ്പർ | സ്ഥാപനം | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | CAR 9 DETAILING SHOP | II |
| 2 | സ്റ്റാർക്ക് വുഡ് & മെറ്റീരിയൽസ് | II |
| 3 | കാർമ്മൽ ഓട്ടോമൊബൈൽസ് മാഞ്ഞാലി | II |
| 4 | ആസ്റ്റർ ക്ലിനിക്കൽ ലാബ് യു സി സി | II |
| 5 | സാരീഖ ഡിസ്ട്രിബ്യൂട്ടേഴ്സ് | I |
| 6 | കെംകോ സ്റ്റീൽസ് & ട്യൂബ്സ് | II |
| 7 | മെഡി ക്യൂവർ ലബോറട്ടറി | II |
| 8 | ഐഐഎഫ്എൽ ഫിനാൻസ് എൽടിഡി കരുമാല്ലൂർ | II |
| 9 | CEYENAR കെമിക്കൽസ് | II |
| 10 | ADSVG ഡവലപ്പേഴ്സ് | II |
| 11 | ഇന്ത്യൻ ഫാം ആയുർവേദ ഫാർമസി | II |
| 12 | കാർമ്മൽ ഓട്ടോമൊബൈൽസ് മാഞ്ഞാലി | II |

2) I.F.T.E & O.S ലൈസൻസ് എടുത്ത താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല

| ക്രമ നം | സ്ഥാപനം | ലൈസൻസ് രജിസ്റ്ററിൽ ക്രമ നമ്പർ | കെട്ടിട നമ്പർ |
|---|---|---|---|
| 1 | മുത്തിയര ഹയർ അപ്ലയൻസസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | 421 | 6/3/B |
| 2 | ടി.വി.എസ് സപ്ലൈ ചെയിൻ സൊല്യൂഷൻസ് എൽ.ടി.ഡി | 59 | 5/501/A |
| 3 | H&R ജോൺസൺ ഇന്ത്യ | 388 | 20/152 A,B |
| 4 | ശ്രീകൃഷ്ണ ഹോമിയോ റിസർച്ച് & ലാബ് | 415 | 5/472 |
| 5 | റെനിം ഡയഗ്നോസ്റ്റിക് സെന്റർ | 9 | 16/226 |

| | | | |
|---|---|---|---|
| 6 | ചേതന ഹോമിയോപ്പതിക് ക്ലിനിക് | 42 | 5/26 |
| 7 | സാന്ത്വനം ആയുർ ക്ലിനിക് | 81 | 9/61/A |
| 8 | ലാമ്പർ ഇംപോർട്ട് & എക്സ്പോർട്ട് | 83 | 8/305 |
| 9 | വിജയ് കേബിൾ വിഷൻ | 113 | 15/345 |
| 10 | കാരുണ്യ ലബോറട്ടറി | 134 | 13/341/D |
| 11 | തോമസ് ക്ലിനിക് | 155 | 8/71 |
| 12 | സ്മൈലക്സ് ഡെന്റൽ കെയർ സൊല്യൂഷൻസ് | 199 | 19/3603 |
| 13 | സുരഭി വൈദ്യർ മെമ്മോറിയൽ പാരമ്പര്യ ചികിത്സാലയം | 246 | 10/91 |
| 14 | ടി സി ഐ ഹെയർ കൊറിയർ സർവ്വീസ് | 272 | 14/568/F |
| 15 | മെഡി സെന്റർ ക്ലിനിക്കൽ ലബോറട്ടറി | 280 | 16/547 |
| 16 | മെഡിറോൾ ഡയഗ്നോസ്റ്റിക് സെന്റർ | 291 | 2/173/F |
| 17 | മിലി ഹോമിയോ ക്ലിനിക് | 368 | 6/349/A |
| 18 | എസ് എസ് കേബിൾ വിഷൻ | 309 | 16/374 |

1) പാരാമെഡിക്കൽ ലൈസൻസ് പുതുക്കിയ താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ നമ്പർ | പാരാമെഡിക്കൽ ലൈസൻസ് രജിസ്റ്ററിലെ ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | 1 | സഹകരണ മെഡിക്കൽ ലാബ് |
| 2 | 4 | ഭാരത് ഡെന്റൽ ക്ലിനിക് |
| 3 | 5 | ഡോ. ഫിറോസ് ഇ എൻ ടി ക്ലിനിക് |
| 4 | 7 | ലാബ്ടെക് ലബോറട്ടറി |
| 5 | 8 | ലൈഫ് അക്യൂപഞ്ചർ സെന്റർ |
| 6 | 10 | ബിലീവ് ഡയഗ്നോസ്റ്റിക് സെന്റർ |

4) 2024-2025 സാമ്പത്തിക വർഷം വിവിധ മരാമത്ത് ജോലികൾ ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല.

മേൽ സൂചിപ്പിച്ച ജീവനക്കാരിൽ/കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ചും, ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കേണ്ടതാണെന്നും സൂചിപ്പിച്ചും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/18-08-2025) തൊഴിൽ നികുതി ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമായി. മേൽ ജീവനക്കാരിൽ/കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-14 സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല

താഴെ ചേർത്ത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല.

| ക്രമ നമ്പർ | സ്ഥാപനം | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | മണപ്പുറം ഫിനാൻസ് ലിമിറ്റഡ് മാങ്കാവ് | 1-06 അർദ്ധവർഷം |
| 2 | ഗ്രീൻ മീഡിയ മാങ്കാവ് | 1, 2 അർദ്ധവർഷം |

സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/18-08-2025) തൊഴിൽ നികുതി ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമായി. മേൽ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽനികുതി ഈടാക്കി വിവരങ്ങൾ രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-15 കടമുറികളുടെ വാടക - അപാകങ്ങൾ

കടമുറികളുടെ വാടക സംബന്ധിച്ച അപാകങ്ങൾ താഴെ ചേർക്കുന്നു.

1) 13/389, 13/390 നമ്പർ കടമുറികളിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറിന്റെ പ്രതിമാസ വാടക വർഷങ്ങളായി ₹2,119/- മാത്രമാണ്. ജി എസ് ടി ഈടാക്കുന്നില്ല. 2018 ന് ശേഷം വാടക കരാർ പുതുക്കിയിട്ടില്ല. കരുമാല്ലൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ 77/AE/LID&EW/KMLR/2022-23 നമ്പർ വാല്യൂവേഷൻ റിപ്പോർട്ട് പ്രകാരം വാടക 5531 - രൂപയായി വർദ്ധിപ്പിക്കുകയും ആയത് 21-12-2022 ലെ 30/1 നമ്പർ കമ്മിറ്റി തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിലവിലും പഴയ വാടകയായ ₹2,119/- മാത്രമാണ് പ്രതിമാസ വാടകയായി ഈടാക്കുന്നത്. ഈ കടമുറികൾ വാടകക്ക് നൽകിയതിന്റെ വാടക കരാർ ലഭ്യമായില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

2) 5/29, 5/29/A, 5/29/B, 5/30, 5/32 എന്നീ കടമുറികൾ അഞ്ചാം വാർഡിൽ ഉണ്ടെങ്കിലും ഇവ വാടകക്ക് നൽകുകയോ ഇവയിൽ നിന്ന് പഞ്ചായത്തിന് യാതൊരു വാടകയും ലഭ്യമാകുകയോ ചെയ്തിട്ടില്ല
മേൽ അപാകതകൾ സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (03/13-06-2025) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. ക്രമ നമ്പർ 1 ൽ സൂചിപ്പിച്ച കടമുറിയിൽ നിന്നും പഞ്ചായത്ത് കമ്മിറ്റി അസിസ്റ്റന്റ് എഞ്ചിനിയറുടെ വാല്യുവേഷൻ റിപ്പോർട്ട് പ്രകാരം നിശ്ചയിച്ച വാടക നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

## 1-16 തനത് വരുമാനം പിരിവ് കാര്യക്ഷമമല്ല - വികസന ഫണ്ട് കുറവ് ചെയ്തു.

ധനകാര്യ (എസ്.എഫ്.സി സെൽ - എ) വകുപ്പിന്റെ 18-10-2022 ലെ ജി.ഒ.(എം.എസ്)179/2022/ധന ഉത്തരവ് പ്രകാരം ഡിമാന്റ് ചെയ്യപ്പെടുന്ന തനത് വരുമാനത്തിന്റെ 90% എങ്കിലും ശേഖരിക്കാത്ത പ്രാദേശിക സർക്കാരുകളുടെ വികസന ഫണ്ടിൽ (എസ്.സി.പി, ടി.എസ്.പി ഒഴികെയുള്ള) നിന്നും ഒരു ശതമാനം കുറവ് ചെയ്യുന്നതിന് തീരുമാനം ആയിരുന്നു. പ്രാദേശിക സർക്കാരുകൾക്ക് 2024-25 സാമ്പത്തിക വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡു സ.ഉ. (സാധാ) നം. 1625/2025/ ധന തീയതി 20-02-2025 പ്രകാരം ലഭ്യമാക്കിയതിൽ മുൻവർഷം തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുക്കാത്തതിനാൽ കരുമാല്ലൂർ ഗ്രാമ ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും 3,47,830/- രൂപ മേൽ ഉത്തരവ് പ്രകാരം കുറവ് ചെയ്തിട്ടുണ്ട്.

2024-2025 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ B-13 Sundry Debtors (Receivables) പ്രകാരം ഡിമാന്റ് ചെയ്തിട്ടും താഴെ ചേർത്ത തനത് വരുമാനം തത്‌വർഷം പിരിച്ചെടുക്കാത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്.

| ഇനം | കുടിശ്ശിക |
|---|---|
| Receivables For Property Tax On Residential Buildings(Current) | 19,67,917 |
| Receivables For Property Tax On Residential Buildings (Arrears) | 25,67,170 |
| Receivables For Property Tax On Non-Residential Buildings (Current) | 11,13,407 |
| Receivables For Property Tax On Non-Residential Buildings (Arrears) | 19,08,366 |
| Rent Receivables From Buildings(Current) | 4,238 |

തനത് വരുമാനം പിരിച്ചെടുക്കുന്നതിൽ വൻതുക തത്‌വർഷം കുടിശ്ശിക ഉള്ളതിനാൽ തുടർ വർഷങ്ങളിലും വികസന ഫണ്ട് കുറവ് ചെയ്യാൻ സാധ്യത നിലനിൽക്കുന്നു. പഞ്ചായത്തിന് ലഭിക്കേണ്ട തനത് വരുമാനം യഥാസമയം പിരിച്ചെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 ഗുണഭോക്താവ് മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷാപെൻഷൻ അക്കൗണ്ട് സസ്പെന്റ് ചെയ്യാതെ ആക്ടീവായി നിലനിർത്തി തുക നിക്ഷേപിച്ചു.

ധനകാര്യ (എസ്.എഫ്.സി. സെൽ -ബി) വകുപ്പിന്റെ 3.8.2018 ലെ സ.ഉ. (എം.എസ്) നം. 278/2018 ധന നമ്പർ ഉത്തരവ് പ്രകാരം മരണപ്പെട്ട ഗുണഭോക്താക്കളെ സാമൂഹ്യസുരക്ഷാ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും അടിയന്തിരമായി ഒഴിവാക്കാനും ഇത്തരത്തിൽ സർക്കാരിൽ നിന്നും അനർഹമായി കൈപ്പറ്റിയിട്ടുള്ള തുക അനന്തരാവകാശികളിൽ നിന്നും തിരിച്ചു പിടിച്ച് മുതൽക്കൂട്ടുവാനും പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സ.ഉ(എം.എസ്) നം.97/2020/ധന. തീയതി 21-09-2020 ഉത്തരവ് പ്രകാരം അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ തുക കൈപ്പറ്റുന്ന പക്ഷം അതാതുകക്ഷിയിൽ നിന്നും പ്രസ്തുത തുക തിരിച്ചുപിടിച്ച് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 001101021000269 നമ്പർ അക്കൗണ്ടിലേക്ക് (IFSC Code KSBK0000101) തിരിച്ചടയ്ക്കേണ്ടതാണ്. കരുമാല്ലൂർ ഗ്രാമപഞ്ചായത്തിൽ മരണ സർട്ടിഫിക്കറ്റിനോടൊപ്പം ആധാർ വിവരങ്ങൾ സൂക്ഷിക്കുന്നില്ല. പഞ്ചായത്തിലെ രാധാ രവി, പെരിങ്ങേരിപറമ്പ്, മനക്കപ്പടി, കരുമാല്ലൂർ എന്ന വ്യക്തി മരണ സർട്ടിഫിക്കറ്റ് (നമ്പർ 246/2024) രേഖകൾ പ്രകാരം 01-11-2024 ൽ മരണപ്പെട്ടിട്ടുണ്ട്. സേവന സോഫ്റ്റ്‌വെയർ ഡി.ബി.ടി വിവരങ്ങളിൽ ഈ പേരിലും അഡ്രസ്സിലും ഈ ഗുണഭോക്താവിന്റെ സാമൂഹ്യ സുരക്ഷാ പെൻഷൻ സ്റ്റാറ്റസ് നിലവിലും ആക്ടീവായി നിലനിർത്തി തുക കൈമാറുന്നതായി ബോധ്യപ്പെട്ടു (പെൻഷണർ ഐ.ഡി 10629020224). ടിയാളുടെ ആധാർ കാർഡ് വിവരങ്ങൾ ലഭ്യമാക്കുവാൻ അറിയിച്ചതിനെത്തുടർന്ന് ആധാർ വിവരങ്ങൾ ലഭ്യമായി (ആധാർ നമ്പർ - 304590657570). ആധാർ വിവരങ്ങളും പെൻഷണർ ഐഡി വിവരവും സേവന സോഫ്റ്റ്‌വെയറിൽ പൊരുത്തപ്പെടുന്നുണ്ട്. മരണപ്പെട്ട ശേഷം 2024 ഡിസംബർ മുതൽ 2025 മെയ് വരെ 6 മാസം ആകെ 9600/- രൂപ ടിയാളുടെ അക്കൗണ്ടിൽ വാർദ്ധക്യകാല പെൻഷൻ തുക അനർഹമായി അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താവ് മരണപ്പെട്ടിട്ടും സാമൂഹ്യ സുരക്ഷാ പെൻഷൻ അക്കൗണ്ട് ആക്ടീവായി നിലനിർത്തി തുക നിക്ഷേപിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (34/18-08-2025) മറുപടി ലഭ്യമായില്ല. മേൽ ഗുണഭോക്താവിന്റെ സാമൂഹ്യ സുരക്ഷാ പെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്ത് അനർഹമായി നൽകിയ തുക തിരികെ ഈടാക്കി ബന്ധപ്പെട്ട സർക്കാർ അക്കൗണ്ടിലേക്ക് തിരികെ അടവാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-18 എസ്.സി. വിദ്യാർത്ഥികൾക്ക് പഠനോപകരണം - ഡസ്റ്റീൽ ടേബിളുകളും സ്റ്റീൽ ആംഡ് കുഷ്യൻ ചെയറുകളും വിതരണം ചെയ്തിട്ടില്ല- തടസ്സം ₹45,650/-

| | |
|---|---|
| പ്രോജക്ട് നം. | 171/25 |

| | |
|---|---|
| പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.സ്കൂൾ, വെളിയത്തുനാട്, കരുമാല്ലൂർ |
| പ്രോജക്ടിന്റെ പേര് | എസ്.സി. വിദ്യാർത്ഥികൾക്ക് പഠനോപകരണം |
| ആകെ അടങ്കൽ തുക | ₹1,95,880/-<br>( വികസന ഫണ്ട് - എസ്.സി.പി. ) |
| ആകെ ചെലവ് | ₹1,95,880/- |
| ബിൽ നം./തീയതി | 209/24.03.25 |

2024-25 സാമ്പത്തിക വർഷം കരുമാല്ലൂർ, ഗവ.എൽ.പി.സ്കൂൾ ഹെഡ്മാസ്റ്റർ, നടപ്പിലാക്കിയ മേൽ പ്രോജക്ടിന്റെ രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതുപ്രകാരം കേരള സിഡ്കോയിൽ നിന്നും ₹1,95,880/- ചെലവഴിച്ച്, ഒരെണ്ണത്തിന് (90 X 60 X 75cm 22G, With One Drawer One Cupboard 18mm Novapan Top) ₹2900/- എന്ന നിരക്കിൽ 40 സ്റ്റീൽ ടേബിളുകളും, ഒരെണ്ണത്തിന് ₹1250/- എന്ന നിരക്കിൽ 40 സ്റ്റീൽ ആംഡ് കുഷ്യൻ ചെയറുകളും, ഇൻവോയ്സ് നം. EKM/24-25/393/21.03.25 പ്രകാരം വാങ്ങിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്റ്റീൽ ടേബിളുകളും, സ്റ്റീൽ ആംഡ് കുഷ്യൻ ചെയറുകളും 29 എസ്.സി. വിദ്യാർത്ഥികൾക്ക് മാത്രമാണ് വിതരണം ചെയ്തിരിക്കുന്നത്. ബാക്കിയുള്ള 11 എസ്.സി. വിദ്യാർത്ഥികൾക്ക് സ്റ്റീൽ ടേബിളുകളും, സ്റ്റീൽ ആംഡ് കുഷ്യൻ ചെയറുകളും വിതരണം ചെയ്തിട്ടില്ല.
മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.28/18.08.25)മറുപടി ലഭ്യമാക്കിയില്ല.
വിതരണം ചെയ്യാൻ ബാക്കിയുള്ള 11 സ്റ്റീൽ ടേബിളുകളും, സ്റ്റീൽ ആംഡ് കുഷ്യൻ ചെയറുകളും അർഹരായവർക്ക് വിതരണം ചെയ്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ആയതിന്റെ തുക ₹45,650/- തടസ്സപ്പെടുത്തുന്നു.

**1-19 ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് മുഴുവനും ലഭ്യമായിട്ടില്ല - തുക ₹1133/- തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പ്രോജക്ട് നം. | 59/25 |
| പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം |
| പ്രോജക്ടിന്റെ പേര് | ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ |
| ആകെ അടങ്കൽ തുക | ₹10,00,000/-<br>( ജനറൽ പർപ്പസ് - മെയിന്റനൻസ് ഫണ്ട് ) |
| ആകെ ചെലവ് | ₹10,00,000/- |
| ബിൽ നം./തീയതി | 430/20.02.25, ₹5,00,000/-<br>431/20.02.25, ₹5,00,000/- |
| തുക/പ്രൊഫോർമ ഇൻവോയ്സ് നം. മെഡിസിൻ ഓർഡർ റിപ്പോർട്ട് നം. | 1) തുക ₹500000/-<br>(4488398/- + ₹11601)<br>PF-230494/19.02.25<br>ORDER/GP1181/24-25<br>2) തുക ₹500000/-<br>PF-230585/22.02.25<br>ORDER/GP1185/24-25 |
| തുക/ഇൻവോയ്സ് നം. & മെഡിസിൻ ഓർഡർ റിപ്പോർട്ട് നം. | 1) ₹4488398/-<br>ഇൻവോയ്സ് നം.30382253/30.01.25<br>ORDER/GP1181/24-25<br>(B) ₹11601/-<br>ഇൻവോയ്സ് നം.30390432/24.7.25<br>ORDER/GP1181/24-25<br>2) തുക ₹488868/-<br>ഇൻവോയ്സ് നം.30382329/30.03.25<br>ORDER/GP1185/24-25 |

മെഡിക്കൽ ഓഫീസർ, ആയുർവേദം 2024-25 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ മേൽ പദ്ധതിയിൽ ₹10,00,000/- മരുന്ന് വാങ്ങുന്നതിനായി ഔഷധിക്ക് നൽകിയിട്ടുണ്ട്. പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകൾ പ്രകാരം ആയുർവേദ ആശുപത്രിയിലേക്ക് ബാക്കി ₹1133/-യുടെ മരുന്ന് കൂടി ലഭ്യമാകാനുണ്ട്. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28/18.08.25) മറുപടി ലഭ്യമാക്കിയില്ല. ബാക്കി ലഭിക്കാനുള്ള മരുന്ന് ലഭ്യമാകുമ്പോൾ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. ബാക്കിയുള്ള മരുന്ന് ലഭ്യമാകുന്നതുവരെ ₹1133/- തടസ്സപ്പെടുത്തുന്നു.

**1-20 തുടർ വിദ്യാഭ്യാസ പദ്ധതി - രേഖകൾ ഹാജരാക്കിയില്ല**

| | |
|---|---|
| പ്രോജക്ട് നം. | 16/25 |
| പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | തുടർ വിദ്യാഭ്യാസ പദ്ധതി |
| ആകെ അടങ്കൽ തുക | ₹75,000/- ( വികസന ഫണ്ട് - ജനറൽ) |
| ആകെ ചെലവ് | ₹36950/- |
| ബിൽ നം./തീയതി | 613/24.03.25 |

2024-25 സാമ്പത്തിക വർഷം കരുമാല്ലൂർ, ഗവ.എൽ.പി.സ്കൂൾ ഹെഡ്മാസ്റ്റർ, നടപ്പിലാക്കിയ മേൽ പ്രോജക്ടിന്റെ ഫയലുകൾ പരിശോധിച്ചതുപ്രകാരം പത്താം തരം തുല്യത പരീക്ഷയ്ക്ക് പങ്കെടുക്കുന്നതിനായി ജില്ലാ സാക്ഷരതാ മിഷനിൽ നിന്നും 19.02.2025 ൽ ലഭിച്ച ജി.സാ.മി/എ1/1813/24 നമ്പർ കത്ത് പ്രകാരം പത്താം തരം തുല്യത ക്ലാസ് പഠിതാക്കൾക്ക് (1850*15) ₹27750/-ഉം പ്ലസ് ടു പഠിതാക്കൾക്ക് (4600*2) ₹9200/-ഉം, സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് അടയ്ക്കുവാൻ നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരം ₹36950/- ഗ്രാമപഞ്ചായത്ത് അടയ്ക്കുകയും ചെയ്തു. എന്നാൽ പത്താം ക്ലാസ്, പ്ലസ് ടു ക്ലാസ് തുല്യതാ പരീക്ഷയ്ക്ക്, പരീക്ഷാഫീസ് അടവാക്കിയ പഠിതാക്കളുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന രജിസ്റ്റർ, അറ്റൻഡൻസ്, എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. കൂടാതെ പത്താം ക്ലാസ് തുല്യതാ പരീക്ഷയുടെ പരീക്ഷ സംബന്ധമായ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28/18.08.25) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.
പത്താം ക്ലാസ്, പ്ലസ് ടു ക്ലാസ് തുല്യതാ പരീക്ഷകളുടെ മേൽ സൂചിപ്പിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവുതുക ₹36950/- തടസ്സപ്പെടുത്തുന്നു.

**<u>1-21 എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം - തുക ₹15,85,000/- തടസ്സപ്പെടുത്തുന്നു.</u>**

| | |
|---|---|
| പ്രോജക്ട് നം. | 69/25 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ, വെളിയത്തുനാട്, കരുമാല്ലൂർ |
| പ്രോജക്ടിന്റെ പേര് | എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| <u>ആകെ അടങ്കൽ തുക</u><br>എസ്.സി.പി. ₹500000/-<br>ജില്ലാപഞ്ചായത്ത് ₹500000/-<br>ബ്ലോക്ക്പഞ്ചായത്ത് ₹2500000/- | ₹35,00,000/- |
| <u>ആകെ ചെലവ്</u><br>എസ്.സി.പി. : ₹500000/-<br>ജില്ലാ പഞ്ചായത്ത് : ₹135000/-<br>ബ്ലോക്ക്പഞ്ചായത്ത് ₹950000/- | ₹15,85,000/- |
| ബിൽ നം./തീയതി | 356/24.01.25, ₹295000/-<br>400/05.02.25, ₹205000/-<br>BRN No.241103520210010332880 15.3.25, ₹135000/-<br>BRN No.241103520210010596640 24.03.25, ₹425000/-<br>BRN No.241103520210010681086 24.03.25, ₹475000/-<br>BRN No.241103520210010703867 25.03.25, ₹50000/- |

ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.സ്കൂൾ, വെളിയത്തുനാട്, കരുമാല്ലൂർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ "എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്" എന്ന പ്രോജക്ടിൽ എസ്.സി. വിദ്യാർത്ഥികൾക്കായി ആകെ ₹15,85,000/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ടിന്റെ തുക പിൻവലിച്ച് വിതരണം ചെയ്ത രേഖകൾ, വിദ്യാർത്ഥികളുടെ കോഴ്സുകളുടെ ഇനം, വർഷം, ധനസഹായ തുക തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയില്ല. ഈ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28/18.08.25)മറുപടി ലഭ്യമാക്കിയില്ല.
മേൽ സൂചിപ്പിച്ചിരിക്കുന്ന രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കുന്നതുവരെ ആകെ ചെലവ് തുക ₹15,85,000/- തടസ്സപ്പെടുത്തുന്നു.

**I-22 നിയമോപദേശം ലഭിച്ചതിന് തുക നൽകിയത് - കേസിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.**

കേസുകൾക്ക് നിയമോപദേശം ലഭ്യമാക്കിയതിന് താഴെ പറയുന്ന പ്രകാരം തുക നൽകിയിട്ടുണ്ട്.

1. വൗച്ചർ നം. 42400048/25-4-24 പ്രകാരം ഒരു കേസിന് 5000/- രൂപ വീതം 2 കേസിന് അഡ്വക്കേറ്റ് ജിമോൻ, എസ്. പി. നായർ എന്നിവർക്ക് ആകെ 10,000/- രൂപ നൽകി

2. വൗച്ചർ നം. 42400333/25-7-24 പ്രകാരം അഡ്വക്കേറ്റ് രാജീവ് നമ്പീശൻ 5000/- രൂപ നല്കി.

മേൽ പറഞ്ഞ കേസ് എന്താണ് എന്നോ ലഭിച്ച നിയമോപദേശം എന്താണ് എന്നോ വ്യക്തമല്ല. കേസ് ഒന്നിന് 5,000/- രൂപ വീതം നൽകിയ മാനദണ്ഡം വ്യക്തമല്ല. കേസിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 34/19-8-25- ന് മറുപടി ലഭിച്ചില്ല.

**I-23 അഡ്വക്കേറ്റ് ഫീസ് നൽകുന്നത്- അപാകത**

ഒരു കേസിന് പരമാവധി 15,000/- രൂപയാണ് അഡ്വക്കേറ്റ് ഫീസായി നൽകാവുന്നത്. താഴെ പറയുന്ന കേസിന് 30,000/- രൂപ നൽകിയിരിക്കുന്നു.

1. കേസ് നം. 674/2019 കേസ് വാദിയുടെ അഭാവത്തിൽ ഡിസ്മിസ് ചെയ്തിട്ടുള്ളതിനാൽ ഈ കേസിന്റെ വക്കീൽ ഫീസ് ഇനത്തിൽ 15,000/- രൂപയും ഓർത്ത്ഡോക്സ് ചർച്ച് വാദിയായി 15,000/- രൂപയും ഉൾപ്പെടെ ആകെ 30,000/- രൂപ വൗച്ചർ നം. 42400482/31-8-24 പ്രകാരം നൽകി. 30,000/- രൂപ നൽകാനുള്ള കാരണം വ്യക്തമല്ല. ഈ കേസ് ഫയൽ ഓഡിറ്റിന് ഹാജരാക്കിയില്ല. ഫയൽ ഓഡിറ്റിന് ഹാജരാക്കേണ്ടതും അധികം തുക നൽകിയതിന് വിശദീകരണം നൽകേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 33/19-8-25 - ന് മറുപടി ലഭിച്ചില്ല

**I-24 മരം വെട്ടുന്നതിന് തുക നൽകിയത് - തുക തടസ്സപ്പെടുത്തുന്നു**

കരുമാല്ലൂർ പഞ്ചായത്തിലെ തെക്കേ പറമ്പിൽ വാസുവിന്റെ ഭാര്യ പാർവതിയുടെ പറമ്പിൽ അപകടാവസ്ഥയിൽ നിന്ന 2 ആഞ്ഞിലി, ഒരു മാവ് എന്നിവ വെട്ടി മാറ്റുന്നതിന് ബന്ധപ്പെട്ടവർക്ക് നോട്ടീസ് നല്കിയിരുന്നു. നോട്ടീസിൽ ഇത് വെട്ടി മാറ്റാത്ത പക്ഷം പഞ്ചായത്ത് ഈ പ്രവൃത്തി ചെയ്യുന്നതും ആയതിന് വരുന്ന ചെലവ് അവരിൽ നിന്നും ഈടാക്കുന്നതാണ് എന്നും അറിയിച്ചിരുന്നു. എന്നാൽ ബന്ധപ്പെട്ടവർ ഇത് വെട്ടി മാറ്റാത്തതിനാൽ പഞ്ചായത്ത് തന്നെ മരം വെട്ടുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും മരം വെട്ടി മാറ്റുകയും ചെയ്തു. ഇതിനായി വൗച്ചർ നം. 42400725/30-10-24 പ്രകാരം 35,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ തുക ഇതുവരെ ബന്ധപ്പെട്ട വീട്ടുകാരിൽ നിന്നും ഈടാക്കിയിട്ടില്ല. ഇത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. തുക തിരികെ ഈടാക്കി വിവരം അറിയിക്കുന്നതുവരെ ചെലവ് തുക 35000/- തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം. 32/19-8-25 - ന് മറുപടി ലഭിച്ചില്ല.

**I-25 ആവശ്യമില്ലാത്ത പൊതു കുടിവെള്ള ടാപ്പുകൾ കട്ട് ചെയ്തിട്ടില്ല.**

പഞ്ചായത്ത് നിലവിൽ ആകെ 273 പൊതു ടാപ്പുകളുടെ വാട്ടർ ചാർജായി 3,31,217/- രൂപയാണ് വാട്ടർ അതോറിറ്റിക്ക് അടക്കുന്നത്. ഇത് കൂടാതെ കുടിശികയിനത്തിൽ 90,268 (30-11-2024) രൂപയുണ്ട്. ഇതിന്റെ 2% പലിശയും ഓരോ മാസവും കുടിശികയായി വരുന്നുണ്ട്. ആകെയുള്ള പൊതു ടാപ്പുകളിൽ 177 എണ്ണം ഉപയോഗശൂന്യമായി കിടക്കുകയാണ്. ഇത് കട്ട് ചെയ്യുന്നതിന് 2,80,000/- രൂപ (Project No: 157) - 11-02-2025- ൽ വാട്ടർ അതോറിറ്റിക്ക് അടച്ചിട്ടുണ്ട്. എന്നാൽ ഇതുവരെ ടാപ്പുകൾ കട്ട് ചെയ്തിട്ടില്ല. മുൻകൂർ തുക അടവാക്കിയിട്ടും പ്രവൃത്തി നടപ്പിലാക്കാത്തതിനാൽ ഈ ഇനത്തിൽ ചെലവ് ചെയ്ത 280000/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. ടാപ്പുകൾ കട്ട് ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 31/19-8-25 - ന് മറുപടി ലഭിച്ചില്ല.

**I-26 FHC – ചുറ്റുമതിൽ മെയിന്റനൻസ്- അപാകത**

| | |
|---|---|
| പ്രോജക്ട് നം. | 80 26/25 |
| പ്രവൃത്തി | FHC - ചുറ്റുമതിൽ മെയിന്റനൻസ് |
| കരാറുകാരൻ | രാജേഷ് കെ. എം. |
| എസ്റ്റിമേറ്റ് | ₹7,50,000/- |
| ചെലവ് തുക | ₹5,05,578 (1st Part ബിൽ നം. 53/7-2-25 ) |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട് റോഡിതരം |
| നിർവഹണോദ്യോഗസ്ഥൻ | അസി. എഞ്ചിനിയർ |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം FHC – ചുറ്റുമതിൽ മെയിന്റനൻസ് ചെയ്യുകയാണ് പ്രവൃത്തി - എസ്റ്റിമേറ്റ് പ്രകാരം നിലവിലെ 40 മീറ്റർ നീളത്തിലുള്ള സംരക്ഷണഭിത്തി പൊളിച്ച് മാറ്റി പുതിയതായി നിർമ്മിക്കുകയാണ് പ്രവൃത്തി. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം കോമ്പൗണ്ട് വാളിന്റെ ഉയരം 1.80 മീറ്ററാണ്.

ഈ പ്രവൃത്തിയിൽ എം ബുക്ക് പ്രകാരം കോമ്പൗണ്ട് വാൾ നിർമ്മിച്ചിരിക്കുന്നത് 1.5 മീറ്റർ ഉയരത്തിലാണ്. ഇതിന് ഐറ്റം നം. 30.6.1.3 - ഡസോളിഡ് ബ്ലോക്ക് ഉപയോഗിച്ച് കോമ്പൗണ്ട് വാൾ (20 സെന്റിമീറ്റർ – കനം, Super Structure Up To Floor 2 Level) നിർമ്മിച്ചതിന് 19.554 $m^3$ X 7097/$m^3$ = 1,38,775 രൂപ

നൽകിയിട്ടുണ്ട്. ഇതിന്റെ എസ്റ്റിമേറ്റ് നിരക്ക് 6602.11/എം³ രൂപയാണ്. ഇവിടെ കോമ്പൗണ്ട് വാളിന്റെ ഉയരം 1.5 മീറ്റർ മാത്രമാണ്. ഇതിന് നൽകാവുന്ന ഡാറ്റ 50.6.1.4 പ്രകാരം Plinth & Foundation പ്രവൃത്തിക്ക് നൽകാവുന്ന നിരക്കായ 5950.33 എം³ മാത്രമാണ്. മറ്റുള്ള പഞ്ചായത്തുകളിൽ ഈ നിരക്കാണ് നൽകി വരുന്നത്. അധികം നൽകിയ തുക കണക്കാക്കേണ്ടതാണ്.

ഈ പ്രവൃത്തി ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. അതിർത്തി തർക്കം നിലനിൽക്കുന്നതിനാലാണ് പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കാത്തത് എന്ന് ഫയലിൽ വ്യക്തമാകുന്നു.

ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറി നം. 9/16-8-25 – നുള്ള മറുപടിയിൽ ഇനിയുള്ള പ്രവൃത്തികളിൽ 50.6.1.4 പ്രകാരമുള്ള നിരക്ക് മാത്രമേ നൽകുകയുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. റോഡിന് വീതി കുറവായതിന്റെ അടിസ്ഥാനത്തിൽ ചുറ്റുമതിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന തർക്കം പരിഹരിക്കാത്തതിനാലാണ് പ്രവൃത്തി പൂർത്തിയാക്കാത്തത് എന്നും മറുപടിയിൽ പറയുന്നു.

മറുപടി പൂർണ്ണമല്ല. കോമ്പൗണ്ട് വാളിന് അധികം നൽകിയ തുക കണക്കാക്കി ഈടാക്കേണ്ടതാണ്. തർക്കം പരിഹരിച്ച് പ്രവൃത്തി പൂർത്തിയാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## I-27 FHC – കരുമാല്ലൂർ നവീകരണം

| | |
|---|---|
| പ്രോജക്ട് നം. | 50 204/25 |
| പ്രവൃത്തി | FHC – കരുമാല്ലൂർ നവീകരണം |
| കരാറുകാരൻ | രാജേഷ് കെ എം |
| എസ്റ്റിമേറ്റ് | ₹13,00,000/- |
| ചെലവ് തുക | ₹9,48,219 ( ബിൽ നം. 19/5/9/12/24 ) |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട് റോഡിതരം |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി. എൻജിനീയർ |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 63 മീറ്റർ നീളത്തിൽ സംരക്ഷണഭിത്തി പുതിയതായി നിർമ്മിക്കുകയാണ് പ്രവൃത്തി. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം കോമ്പൗണ്ട് വാളിന്റെ ഉയരം 1.50 മീറ്ററാണ്.

ഈ പ്രവൃത്തിയിൽ എം ബുക്ക് പ്രകാരം കോമ്പൗണ്ട് വാൾ നിർമ്മിച്ചിരിക്കുന്നത് 1.5 മീറ്റർ ഉയരത്തിലാണ്. ഇതിന് ഐറ്റം നം. 50.6.1.2 - സോളിഡ് ബ്ലോക്ക് ഉപയോഗിച്ച് കോമ്പൗണ്ട് വാൾ (20 Cm – കനം, Super Structure Up To Floor 2 Level) നിർമ്മിച്ചതിന് 20.385 എം³ X 6602.11/എം³ = 1,34,584 രൂപ നൽകിയിട്ടുണ്ട്. ഇതിന്റെ എസ്റ്റിമേറ്റ് നിരക്ക് 6602.11/എം³ രൂപയാണ്. ഇവിടെ കോമ്പൗണ്ട് വാളിന്റെ ഉയരം 1.5 മീറ്റർ മാത്രമാണ്. ഇതിന് നൽകാവുന്ന ഡാറ്റ 50.6.1.4 പ്രകാരം Plinth & Foundation പ്രവൃത്തിക്ക് നൽകാവുന്ന നിരക്കായ 5950.33/എം³ മാത്രമാണ്. മറ്റുള്ള പഞ്ചായത്തുകളിൽ ഈ നിരക്കാണ് നൽകി വരുന്നത്. അധികം നൽകിയ തുക കണക്കാക്കേണ്ടതാണ്.

ഈ പ്രവൃത്തി കൂടാതെ മറ്റൊരു പ്രോജക്ട് പ്രകാരവും സംരക്ഷണഭിത്തി നിർമ്മിച്ചിട്ടുണ്ട് ( പ്രോജക്ട് നം. 26/25).

ഓഡിറ്റ് എൻക്വയറി നം. 9/16-8-25 – നുള്ള മറുപടിയിൽ ഇനിയുള്ള പ്രവൃത്തികളിൽ 50.6.1.4 പ്രകാരമുള്ള നിരക്ക് മാത്രമേ നൽകുകയുള്ളൂ എന്നും റോഡിന് വീതി കുറവായതിന്റെ അടിസ്ഥാനത്തിൽ ചുറ്റുമതിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന തർക്കം പരിഹരിക്കാത്തതിനാലാണ് പ്രവൃത്തി പൂർത്തിയാക്കാത്തത് എന്നും മറുപടിയിൽ പറയുന്നു. കൂടാതെ പ്രോജക്ട് നം. 26/25- പ്രകാരം ചെയ്ത പ്രവൃത്തിയുടെ അവശേഷിക്കുന്ന പ്രവൃത്തിയാണ് ഇത് എന്നും മറുപടിയിൽ പറയുന്നു.

മറുപടി പൂർണ്ണമല്ല. കോമ്പൗണ്ട് വാളിന് അധികം നൽകിയ തുക കണക്കാക്കി ഈടാക്കേണ്ടതാണ്. തർക്കം പരിഹരിച്ച് പ്രവൃത്തി പൂർത്തിയാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## I-28 പൊളിച്ചെടുക്കുന്ന കട്ടയുടെ വിനിയോഗം വ്യക്തമല്ല.

| | |
|---|---|
| പ്രോജക്ട് നം. | 50 295/24 |
| പ്രവൃത്തി | പഞ്ചായത്ത് ഓഫീസ് നവീകരണം |
| കരാറുകാരൻ | റഷീദ് ആന്റണി |
| എസ്റ്റിമേറ്റ് | ₹16,00,000/- |
| ചെലവ് തുക | ₹15,70,294 (ബിൽ നം. 105/15/03/2025 ) |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട് റോഡിതരം |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി. എൻജിനീയർ |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 395.49എം² കട്ട പൊളിച്ച് മാറ്റുകയും 338.49എം² ടൈൽ ഇടുകയും പുതിയതായി ടൈൽ ഇടുന്ന പ്രവൃത്തിയും ഉൾപ്പെട്ടിരുന്നു.

എം ബുക്ക് പ്രകാരം ചെയ്ത പ്രവൃത്തി താഴെ കൊടുക്കുന്നു.

ടൈൽ ഇളക്കി മാറ്റുന്നത് - 366.98 എം² X 104.06/എം² = 38,188രൂപയും

പുതിയതായി കട്ട വിരിക്കുന്നത് -338.88എം² X 1054.47/എം² = 3,57,339 രൂപയും നൽകിയിട്ടുണ്ട്. എന്നാൽ പൊളിച്ചെടുത്ത കട്ടയുടെ വിനിയോഗം ലഭ്യമല്ല

ഓഡിറ്റ് എൻക്വയറി നം. 32/19-8-25 – നുള്ള മറുപടിയിൽ ഈ പ്രവൃത്തിയിൽ നിന്നും പൊളിച്ചെടുത്ത 10,343 എണ്ണം കട്ടകൾ ലേലം ചെയ്യുന്നതിനായി പഞ്ചായത്ത് സെക്രട്ടറിക്ക് 15-1-25 – ൽ കത്ത് നൽകിയിരുന്നുവെന്നും. ഡിപ്പാർട്ട്മെന്റ് കട്ടകൾ ഉപയോഗിച്ച് പ്രവൃത്തി ചെയ്തിട്ടില്ല എന്നും മറുപടിയിൽ പറയുന്നു.

മറുപടി പൂർണ്ണമല്ല. പൊളിച്ചെടുത്ത കട്ടകൾ സംബന്ധിച്ച് ഫയലിൽ വിവരങ്ങൾ ഇല്ല. ഇത് ലേലം ചെയ്യുകയോ മറ്റ് ഏതെങ്കിലും പ്രവൃത്തിക്കായി ഉപയോഗപ്പെടുത്തിയോ എന്ന വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 ബോട്ടിൽ ബൂത്ത് നിർമ്മാണം - സ്ഥാപിച്ച സ്ഥലങ്ങൾ വ്യക്തമല്ല

| | |
|---|---|
| പ്രോജക്ട് നം. | 50 336/25 |
| പ്രവൃത്തി | ബോട്ടിൽ ബൂത്ത് നിർമ്മാണം |
| കരാറുകാരൻ | വി. ശശികുമാർ |
| എസ്റ്റിമേറ്റ് | ₹3,00,000/- |
| ചെലവ് തുക | ₹2,36,341/-<br>ബിൽ നം. 735/25-03-2025 |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട് റോഡിതരം |
| നിർവ്വഹണോദ്യോഗസ്ഥൻ | അസ്സി. എഞ്ചിനീയർ |

എം ബുക്ക് പ്രകാരം 16 എണ്ണം ബോട്ടിൽ ബൂത്ത് നിർമ്മിച്ചിട്ടുണ്ട്. എന്നാൽ ഇത് എവിടെയൊക്കെയാണ് സ്ഥാപിച്ചത് എന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

ഓഡിറ്റ് എൻക്വയറി നം. 21/16-6-25 – നുള്ള മറുപടിയിൽ മെമ്പർമാരുടെ നിർദ്ദേശാനുസരണം 16 വാർഡുകളിൽ സ്ഥാപിച്ചു എന്നാണ് അറിയിച്ചിട്ടുള്ളത്.

മറുപടി പൂർണ്ണമല്ല. സ്ഥാപിച്ച സ്ഥലങ്ങൾ ഫയലിൽ രേഖപ്പെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 ടാർ ചെയ്ത റോഡ് മുഴുവൻ സ്ഥലവും 15 സെ.മീ. കനത്തിൽ GSB ചെയ്യേണ്ടതിന്റെ ആവശ്യകത വ്യക്തമല്ല.

റീടാറിംഗ് പ്രവൃത്തികളിൽ ടാറിംഗ് പൊളിച്ച് മാറ്റി GSB ചെയ്തതിനു ശേഷം അവിടെ കോൺക്രീറ്റ് കട്ട വിരിക്കുന്നു. ഇപ്രകാരം നിലവിലെ ടാറിംഗ് റോഡുകളിൽ GSB ചെയ്യുന്നതിനാൽ GSB ഇനത്തിൽ വലിയ തുകയാണ് ചെലവ് വരുന്നത്. ഇതിന്റെ ആവശ്യകത പരിശോധിക്കേണ്ടതാണ്.

ഒരു ഉദാഹരണം താഴെ കൊടുക്കുന്നു.

1.

| | |
|---|---|
| പ്രോജക്ട് നം. | 50 98/25 |
| പ്രവൃത്തി | ആനച്ചാൽ നെല്ലൂര പറമ്പ് റോഡ് നവീകരണം |
| കരാറുകാരൻ | സലാഹുദ്ദീൻ |
| എസ്റ്റിമേറ്റ് | ₹8,70,000/- |
| ചെലവ് തുക | ₹7,00,000/- ബിൽ നം. 691/17-3-25 |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട് റോഡിതരം |
| നിർവ്വഹണോദ്യോഗസ്ഥൻ | അസ്സി. എഞ്ചിനീയർ |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 170 മീറ്റർ ടാർ റോഡ് പൊളിച്ച് അവിടെ 15 കനത്തിൽ GSB (Item No. 4.11.2) കോൺക്രീറ്റ് കട്ട വിരിക്കുകയാണ് പ്രവൃത്തി. ഈ പ്രവൃത്തിയിൽ GSB ചെയ്തതിന് 76.281എം$^3$ X 2245/എം$^3$ = 1,71,250 രൂപയും കട്ട വിരിച്ചതിന് 458.82 എം$^2$ X 1054.67/എം$^2$ = 4,83,903/- രൂപയും നൽകി. നിലവിൽ ടാർ ചെയ്ത റോഡ് മുഴുവൻ സ്ഥലവും 15 സെ.മീ. കനത്തിൽ GSB ചെയ്യേണ്ടതിന്റെ ആവശ്യകത പരിശോധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 32/19-8-25 – നുള്ള മറുപടിയിൽ പ്രസ്തുത റോഡ് കുത്തനെ ഉള്ളതിനാൽ ടാറിംഗ് നിലനിൽക്കാത്ത അവസ്ഥയാണ് എന്നും അതിനാലാണ് GSB ചെയ്ത് കട്ട വിരിച്ചത് എന്നുമാണ് വ്യക്തമാക്കിയത്.

മറുപടി പൂർണ്ണമല്ല. റോഡ് ഉയർത്തേണ്ട സാഹചര്യത്തിൽ മാത്രമാണ് ഫില്ലിംഗ് ചെയ്യുന്നത്. ആയതിനാൽ ഇത്രയും അളവിൽ GSB ചെയ്തതിന്റെ അടിസ്ഥാനമെന്തെന്ന് വ്യക്തമാക്കേണ്ടതാണ്.

## 1-31 മാഞ്ഞാലി കുന്നുംപുറം ഹൽക്ക റോഡ് നിർമ്മാണം - ₹11,59,537/- തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | 50 214/25 |
| പ്രവൃത്തി | മാഞ്ഞാലി കുന്നുംപുറം ഹൽക്ക റോഡ് നിർമ്മാണം |
| കരാറുകാരൻ | സലാഹുദ്ദീൻ |
| എസ്റ്റിമേറ്റ് | ₹12,06,400 |
| ചെലവ് തുക | ₹9,16,537 – ബിൽ നം. 326, 24-3-24,<br>₹243,000 – ബിൽ നം. 212, 4-7-24,<br>ആകെ – 11,59,537 |

| | |
|---|---|
| ഫണ്ട് | മെയിന്റനൻസ് റോഡ് |
| നിർവഹണ ഉദ്യോഗസ്ഥൻ | അസ്സി. എഞ്ചിനീയർ |

എസ്റ്റിമേറ്റ് പ്രകാരം മാഞ്ഞാലി കുന്നുംപുറം ഹൽക്ക റോഡ് സൈഡ് വാൾ കോൺക്രീറ്റ് ചെയ്ത് റോഡിൽ സ്റ്റീൽ പോസ്റ്റ് സ്ഥാപിച്ച് ഹാന്റ് റെയിൽ സ്ഥാപിക്കുകയാണ് പ്രവൃത്തി.

എസ്റ്റിമേറ്റ് പ്രകാരം സൈഡ് വാൾ RCC കോൺക്രീറ്റ് ചെയ്യുന്നത് ആകെ 8.56എം³ ആണ്. ഇതിന് കമ്പിയുടെ അളവ് കണക്കാക്കിയത് 1.153 Tonne ആണ്. (134.606/എം³).

ഹാന്റ് റെയിൽ സ്ഥാപിക്കുന്നതിന് ഇനം OD125280/23-24 – Fixing Hand Rail With GI Pipe… പ്രകാരം 1167.45 KG X 222.16/KG = 2,59,384 രൂപ വകയിരുത്തിയിരുന്നു.

എം. ബുക്ക് പ്രകാരം സൈഡ് വാൾ RCC കോൺക്രീറ്റ് ചെയ്ത് ആകെ 4.92എം³ ആണ്. ഇതിന് ഉപയോഗിച്ച കമ്പിയുടെ അളവ് കണക്കാക്കി നൽകിയത് 1.093 Tonne X 96332.26/Tonne = 1,05,291/- രൂപയാണ്. അതായത് ഒരു എം³ - ന് 222.15 കിലോ കമ്പി ഉപയോഗിച്ചിരിക്കുന്നു. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ കമ്പിയുടെ അളവ് കണക്കാക്കിയത് ഒരു എം³ കോൺക്രീറ്റിന് – 134.606 Kg ആണ്. ഈ എസ്റ്റിമേറ്റിലെ അളവ് പോലും അധികമാണ് എന്ന് കാണുന്നു. അതിലും കൂടുതൽ അളവിൽ കമ്പിയാണ് ഈ പ്രവൃത്തിക്ക് ഉപയോഗിച്ചത്. കൂടാതെ എം. ബുക്ക് പ്രകാരം ഹാന്റ് റെയിൽ സ്ഥാപിച്ചതിന് 892.266kg X 237.75/Kg = 2,12,136 രൂപയും നൽകിയിട്ടുണ്ട്.

**ഓഡിറ്റ് പരാമർശം**

1. ഈ പ്രവൃത്തി തന്നിട്ട കണക്കിൽ ഹാന്റ് റെയിൽ സ്ഥാപിച്ചത് സിംഗിൾ സെക്ഷൻ ആയതിനാൽ നൽകാവുന്ന തുക ഇനം 50.10.2 –Steel Work With Single Section With GI Pipe പ്രകാരം നൽകാവുന്ന നിരക്ക് ₹152.35/Kg മാത്രമാണ്. അധികം നൽകിയ തുക കണക്കാക്കി ഈടാക്കേണ്ടതാണ്.

2. സൈഡ് വാളിന് എസ്റ്റിമേറ്റിനേക്കാൾ കൂടുതൽ അളവിൽ കമ്പി ഉപയോഗിച്ചത് പരിശോധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 15/16-8-25 – നുള്ള മറുപടിയിൽ പ്രൊട്ടക്ഷൻ വാളിന് ഇത്രയും കമ്പി ആവശ്യമായി വന്നു എന്നാണ്. മറുപടി പൂർണ്ണമല്ല. ഹാന്റ് റെയിൽ സ്ഥാപിച്ചതിന് അധികം നിരക്ക് നൽകിയത് സംബന്ധിച്ച് മറുപടിയൊന്നും നല്കിയില്ല. സൈഡ് വാളിന് എസ്റ്റിമേറ്റിനേക്കാൾ കൂടുതൽ അളവിൽ കമ്പി ഉപയോഗിച്ചത് സംബന്ധിച്ച് വ്യക്തമായ മറുപടി നൽകിയില്ല. ആയതിനാൽ ഈ പ്രവൃത്തിക്ക് ചെലവായ തുക 11,59,537/-രൂപ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് പരാമർശങ്ങൾക്ക് വ്യക്തമായ മറുപടി നൽകേണ്ടതാണ്.

## 1-32 മിനി എം.സി.എഫ് നിർമ്മാണം - അപാകതകൾ

| | |
|---|---|
| പ്രവൃത്തി | വിവിധ വാർഡുകളിൽ മിനി എം.സി.എഫ് നിർമ്മാണം |
| എസ്റ്റിമേറ്റ് | ₹10,00,000 |
| പ്രോജക്ട് നം | 21/25 |
| കരാറുകാരൻ | നസീഫുദ്ദീൻ |
| ചെലവായ തുക | 6,75,712 രൂപ (ബിൽ നം. 226, 9-7-24) |
| നിർവഹണോദ്യോഗസ്ഥൻ | അസ്സി. എഞ്ചിനീയർ |
| ഫണ്ട് | തനത് ഫണ്ട് |

പ്രോജക്ട് പ്രകാരം പുതിയതായി എം.സി.എഫ് നിർമ്മിക്കുകയാണ് പ്രവൃത്തി.

എസ്റ്റിമേറ്റ് പ്രകാരം ഇതിൽ കെട്ടിടത്തിന്റെ വശങ്ങളിലും കൂടാതെ റൂഫിലും സ്ട്രക്ചർ വർക്ക് ചെയ്യുന്നതിന് - ഇനം 10.25.2 - പ്രകാരം 3496.971 KG X 154.18/KG = 5,34,383 രൂപ വകയിരുത്തിയിരുന്നു.

എം ബുക്ക് പ്രകാരം ഈ പ്രവൃത്തി ചെയ്തതിന് - 2446.216 Kg X 165.73/Kg Kg = 4,05,411 രൂപ ചെലവഴിച്ചിട്ടുണ്ട്. (ഈ ഇനത്തിലെ ഡാറ്റയിൽ മെറ്റീരിയലിന്റെ വില ₹57/Kg മാത്രമാണ്. ബാക്കിയെല്ലാം ലേബർ ചാർജ് ആണ്.)

ചെയ്ത പ്രവൃത്തി "Structural Steel Work In Single Section" – ആയതിനാൽ ഇതിന് നൽകാവുന്ന ഇനം 10.1 പ്രകാരമുള്ള ₹101.27/എം³ മാത്രമാണ്.

ഓഡിറ്റ് എൻക്വയറി നം. 32/19-8-25 – ന് മറുപടി നൽകിയില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-33 ടാറിംഗ് പ്രവൃത്തി - അപാകത

പഞ്ചായത്തിലെ എല്ലാ റീടാറിംഗ് പ്രവൃത്തികളിലും റീടാറിംഗ് ഒഴിവാക്കി സെക്കന്റ് ലെയർ മെറ്റലിംഗും ബ്രെയ്ക്ക് കോട്ടും ഉൾപ്പെടെയുള്ള പുതിയതായി ടാറിംഗ് ചെയ്യുന്ന പ്രവൃത്തി ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും പ്രവൃത്തി ചെയ്യുന്നതും. എന്നാൽ ചില പ്രവൃത്തികളിൽ കുറച്ച് ഭാഗം മാത്രം സെക്കന്റ് ലെയർ മെറ്റലിംഗ് ഉൾപ്പെടുത്തുകയും ബാക്കി ഭാഗം റീടാറിംഗ് ചെയ്യുന്നതിനുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതെങ്കിലും എംബുക്ക് പ്രകാരം റോഡ് മുഴുവൻ മെറ്റലിംഗ് ചെയ്ത് പുതിയതായി ടാറിംഗ് ചെയ്യുന്ന പ്രവൃത്തിയാണ് ചെയ്യുന്നത്. ചില പ്രവൃത്തികളിൽ മെറ്റലിംഗ് ഉൾപ്പെടുത്താതെ റീടാറിംഗ് മാത്രമാണ് എസ്റ്റിമേറ്റിൽ ഉള്ളത് എങ്കിലും എസ്റ്റിമേറ്റ്

പ്രകാരമുള്ള റീടാറിംഗ് പ്രവൃത്തി ഒഴിവാക്കി റോഡ് മുഴുവൻ മെറ്റലിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തിയാണ് ചെയ്യുന്നത്.

ഇപ്രകാരം റീടാറിംഗ് പ്രവൃത്തികൾക്ക് പകരം മെറ്റലിംഗും ചിപ്പിംഗ് കോട്ടും ഉൾപ്പെടെയുള്ള പ്രവൃത്തി ചെയ്യുന്നതിനാൽ വലിയ തുകയാണ് അധികമായി ചെലവ് വരുന്നത്. റീടാറിംഗ് പ്രവൃത്തി ചെയ്യുന്നതിനേക്കാൾ അധികം തുകയാണ് സെക്കന്റ് ലെയർ മെറ്റലിംഗും ചിപ്പിംഗ് കോട്ടും ചെയ്യുന്നതിന് മാത്രം ചെലവ് വരുന്നത്. അതായത് സെക്കന്റ് ലെയർ മെറ്റലിംഗും ചിപ്പിംഗ് കോട്ടും ചെയ്യുന്നതിന് ഒരു എം$^2$ ന് - 327.33 രൂപയും റീടാറിംഗ് പ്രവൃത്തിക്ക് 293.46 രൂപയും മാത്രമാണ് ചെലവാകുന്നത് (Tack Coat- 14.22/എം$^2$, 20 എംഎം Chipping Carpet- 196.12/എം$^2$, Seal Coat - 83.12/എം$^2$). പഞ്ചായത്തിലെ ഏതാണ്ട് എല്ലാ പ്രവൃത്തികളും ഇപ്രകാരമാണ് ചെയ്യുന്നത്. ഇതിന്റെ ആവശ്യകത പരിശോധിച്ച് മറുപടി നൽകേണ്ടതാണ്.

എസ്റ്റിമേറ്റിൽ റീടാറിംഗ് പ്രവൃത്തിയാണ് ഉൾപ്പെടുത്തിയതെങ്കിലും എം ബുക്ക് പ്രകാരം റീടാറിംഗ് ഒഴിവാക്കി മെറ്റലിംഗും ചിപ്പിംഗ് കോട്ടും ഉൾപ്പെടെ ചെയ്ത പ്രവൃത്തിയുടെ ഉദാഹരണം താഴെ കൊടുക്കുന്നു.

1.

| | |
|---|---|
| പ്രോജക്ട് നം. | 50-210/25 |
| പ്രവൃത്തി | പൂത്തോട്ട മണ്ഡലം റോഡ് റീടാറിംഗ് |
| കരാറുകാരൻ | താജുദ്ദീൻ കെ. എം |
| എസ്റ്റിമേറ്റ് | 14,00,000/- |
| ചെലവ് തുക | 14,44,000 (ബിൽ നം. 20/04.05.2024) |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് റോഡിതരം |
| നിർവഹണോദ്യോഗസ്ഥൻ | അസി. എൻജിനീയർ |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 380 മീറ്റർ റോഡ് 1140 എം$^2$ റീടാറിംഗ് ചെയ്യുകയാണ് പ്രവൃത്തി. ഇതിൽ 168 എം$^2$ Modified Penetration Macadam 75 Mm Thick- എന്ന പ്രവൃത്തിയും ഉൾപ്പെടുത്തിയിരുന്നു (₹ 63,824).

ഇതിനായി എഗ്രിമെന്റും വെച്ചിരുന്നു. എന്നാൽ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് 631.73എം$^2$ റോഡ് സെക്കന്റ് ലെയർ മെറ്റലിംഗും ചിപ്പിംഗ് കോട്ടും ഉൾപ്പെടെ പുതിയതായി ടാറിംഗ് ചെയ്യുന്ന പ്രവൃത്തിയാണ് ചെയ്യുന്നത്. ഈ പ്രവൃത്തിക്ക് സെക്കന്റ് ലെയർ മെറ്റലിംഗ് ചെയ്തതിന് 47.383 എം$^3$ X 3463.65/എം$^3$ = 1,64,118 രൂപയും ചിപ്പിംഗ് കോട്ട് ചെയ്തതിന് 631.73എം$^2$ X 82.61/എം$^2$ = 52,119/- രൂപയും ചെലവായി. എന്നാൽ ടാറിംഗ് പ്രവൃത്തിക്ക് ആകെ 2,04,616/- രൂപ മാത്രമാണ് ചെലവായത്.

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനുള്ള കാരണം വ്യക്തമല്ല. റീടാറിംഗ് ചെയ്യാത്ത റോഡിന്റെ ഇപ്പോഴത്തെ അവസ്ഥയും വ്യക്തമല്ല. മാത്രമല്ല റീടാറിംഗ് പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിക്കുകയും അത് പ്രകാരം ലഭിച്ച നിരക്കിൽ റോഡ് മെറ്റലിംഗ് ചെയ്ത് ടാറിംഗ് ചെയ്യുന്ന പ്രവൃത്തി അംഗീകരിക്കാനാകില്ല.

2.

| | |
|---|---|
| പ്രോജക്ട് നം. | 50-237/25 |
| പ്രവൃത്തി | മണപ്പുറി ചെമ്പിക്കര് വയലോരം റോഡ് ടാറിംഗ് & റീടാറിംഗ് |
| കരാറുകാരൻ | സജിമോൻ |
| എസ്റ്റിമേറ്റ് | ₹10,20,000/- |
| ചെലവ് തുക | ₹10,20,000/- ബിൽ നം. 16.10.2024 |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട് റോഡിതരം |
| നിർവഹണോദ്യോഗസ്ഥൻ | അസി. എൻജിനീയർ |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 549.40 മീറ്റർ റോഡ് 1731.96എം$^2$ റീടാറിംഗ് ചെയ്യുക പ്രവൃത്തി.

ഇതിൽ 209.40മീറ്റർ റോഡ് 711.96എം$^2$ സെക്കന്റ് ലെയർ മെറ്റലിംഗ് ചെയ്യാനാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത് (53.397എം$^2$ - ₹1,77,089) കൂടാതെ 160.2 M2 Modified Penetration Macadam 75 Mm Thick- എന്ന പ്രവൃത്തിയും ഉൾപ്പെടുത്തിയിരുന്നു (₹62,311)

ഇതിനായി എഗ്രിമെന്റും വെച്ചിരുന്നു. എന്നാൽ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് 1293എം$^2$ റോഡ് സെക്കന്റ് ലെയർ മെറ്റലിംഗും ചിപ്പിംഗ് കോട്ടും ഉൾപ്പെടെ പുതിയതായി ടാറിംഗ് ചെയ്യുന്ന പ്രവൃത്തിയാണ് ചെയ്യുന്നത്. ഈ പ്രവൃത്തിക്ക് സെക്കന്റ് ലെയർ മെറ്റലിംഗ് ചെയ്തതിന് 3,245,022 രൂപയും ചിപ്പിംഗ് കോട്ട് ചെയ്തതിന് 1,21,871 - രൂപയും ചെലവായി.

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനുള്ള കാരണം വ്യക്തമല്ല. റീടാറിംഗ് ചെയ്യാത്ത റോഡിന്റെ ഇപ്പോഴത്തെ അവസ്ഥയും വ്യക്തമല്ല. മാത്രമല്ല റീടാറിംഗ് പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിക്കുകയും അത് പ്രകാരം ലഭിച്ച നിരക്കിൽ റോഡ് മെറ്റലിംഗ് ചെയ്ത് ടാറിംഗ് ചെയ്യുന്ന പ്രവൃത്തി അംഗീകരിക്കാനാകില്ല.

3.

| | |
|---|---|
| പ്രോജക്ട് നം. | 50-215/25 |

| | |
|---|---|
| പ്രവൃത്തി | പാലക്കാപറമ്പ് റോഡ് റീ ടാറിംഗ് ടൈൽ വിരിക്കൽ |
| കരാറുകാരൻ | [illegible] |
| എസ്റ്റിമേറ്റ് | ₹9,50,000/- |
| ചെലവ് തുക | ₹9,87,046<br>ബിൽ നം. 394, 24-02-2025 ₹9,50,000,<br>ബിൽ നം. 395, 24-02-2025 ₹37,046 |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട് റോഡ് ഇതരം |
| നിർവഹണോദ്യോഗസ്ഥൻ അസി. എഞ്ചിനീയർ | |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 350 മീറ്റർ റോഡ് (1330 എം²) റീടാറിംഗ് ചെയ്യുക പ്രവൃത്തി.

ഇതിൽ 50 മീറ്റർ റോഡ് (190 എം²) സെക്കന്റ് ലെയർ മെറ്റലിംഗ് ചെയ്യാനാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. (14.25എം³ – ₹47,259) കൂടാതെ 169 എം² Modified Penetration Macadam 75 Mm Thick- എന്ന പ്രവൃത്തിയും ഉൾപ്പെടുത്തിയിരുന്നു (₹62,205). കൂടാതെ 52 മീറ്റർ റോഡ് (200.20 എം²) GSB ചെയ്ത് കോൺക്രീറ്റ് കട്ട വിരിക്കുന്നതും ഉൾപ്പെടുത്തിയിരുന്നു. ഇതിനായി 2,66,149/- രൂപയും വകയിരുത്തിയിരുന്നു.

ഇതിനായി എഗ്രിമെന്റും വെച്ചിരുന്നു. എന്നാൽ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് 1220.195 എം² റോഡ് സെക്കന്റ് ലെയർ മെറ്റലിംഗും ചിപ്പം കോട്ടും ഉൾപ്പെടെ പുതിയതായി ടാറിംഗ് ചെയ്യുന്ന പ്രവൃത്തിയാണ് ചെയ്തത്. കോൺക്രീറ്റ് കട്ട വിരിക്കുന്നത് ഒഴിവാക്കി. ഈ പ്രവൃത്തിക്ക് സെക്കന്റ് ലെയർ മെറ്റലിംഗ് ചെയ്തതിന് 3,24,016 രൂപയും ചിപ്പം കോട്ട് ചെയ്തതിന് 99,337/- രൂപയും ചെലവായി.

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനുള്ള കാരണം വ്യക്തമല്ല. റീടാറിംഗ് ചെയ്യാത്ത റോഡിന്റെ ഇപ്പോഴത്തെ അവസ്ഥയും വ്യക്തമല്ല.

ഓഡിറ്റ് എൻക്വയറി നം. 22/16-08-2025 – നുള്ള മറുപടിയിൽ ജൽജീവൻ മിഷൻ പൈപ്പ്ലൈനുവേണ്ടി റോഡുകൾ പൊളിച്ചതിനാലും റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ കരാറുകാർ ഏറ്റെടുക്കാതിരുന്നതിനാലും കമ്മിറ്റി തീരുമാന പ്രകാരമാണ് മെറ്റലിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ ചെയ്തത് എന്നാണ് അറിയിച്ചത്.

മറുപടി പൂർണ്ണമല്ല. പഞ്ചായത്തിലെ ഏതാണ്ട് എല്ലാ റോഡുകളും റീടാറിംഗ് ഒഴിവാക്കി മെറ്റലിംഗ് ഉൾപ്പെടെയുള്ള ടാറിംഗ് പ്രവൃത്തി ചെയ്തത് വിലയിരുത്തി, അപാകതയ്ക്ക് കൃത്യമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1.34 പ്രവൃത്തിക്ക് ആവശ്യമില്ലാത്ത നിബന്ധന ടെൻഡർ നോട്ടീസിൽ/പദ്ധതിയിൽ ഉൾപ്പെടുത്തി - 137623.400 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് | പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്ന<br>സ്ഥലങ്ങളിൽ ക്യാമറ സ്ഥാപിക്കുന്ന പ്രവൃത്തി<br>(34/224/360 271/25) |
| അടങ്കൽ | 15,40,500/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 15,13,291/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ബിൽ നമ്പർ | 34 തീയതി 01.02.2025 |
| നിർവ്വഹണം സെക്രട്ടറി, കരുമാല്ലൂർ ഗ്രാമപഞ്ചായത്ത് | |

മേൽ സൂചിപ്പിച്ച പ്രവൃത്തിക്കായി ഇ-ടെൻഡർ (ടെൻഡർ നോട്ടീസ് നമ്പർ SC 3/9725/2023 തീയതി 15.2.24) വിളിക്കുകയും താഴെ പറയുന്ന സ്ഥാപനങ്ങൾ ടെൻഡറിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| സ്ഥാപനം | ക്വോട്ട് ചെയ്ത തുക (ടാക്സ് ഉൾപ്പെടെ) | സ്ഥാപനത്തിന്റെ സ്വഭാവം |
|---|---|---|
| മെറ്റ് കോം സർവീസസ്, എറണാകുളം | 13,75,667.600 | പാർട്ണർഷിപ്പ് |
| SS സെക്യൂരിറ്റി സിസ്റ്റംസ്, ആലുവ | 13,75,667.600 | പ്രൊപ്രൈറ്ററി ഷിപ്പ് |
| ആക്ഷർ ഡിജിറ്റൽ ഗ്യാലറി, എറണാകുളം | 15,13,291 | LLP |
| [illegible] | 22,04,263.600 | പ്രൈവറ്റ് ലിമിറ്റഡ് |

ബന്ധപ്പെട്ട പ്രൊജക്റ്റ് ഫയലിൽ ഉള്ള ടെൻഡർ ഇവാല്യുവേഷൻ സംബന്ധിച്ച ചെക്ക് ലിസ്റ്റ് പരിശോധിച്ചതിൽ നിന്നും കുറഞ്ഞ തുക ക്വോട്ട് ചെയ്ത ആദ്യത്തെ 2 സ്ഥാപനങ്ങളെ LLP(ലിമിറ്റഡ് ലയബിലിറ്റി പാർട്ണർഷിപ്പ്) പ്രൈവറ്റ് ലിമിറ്റഡ് കമ്പനി അല്ലെന്ന് ഒറ്റ കാരണത്താൽ ഒഴിവാക്കി കൂടുതൽ തുക ക്വോട്ട് ചെയ്ത ആക്ഷർ ഡിജിറ്റൽ ഗ്യാലറിയുടെ ടെൻഡർ അംഗീകരിച്ചിരിക്കുന്നതായി

കാണുന്നു. ബന്ധപ്പെട്ട കമ്മിറ്റി തീരുമാനം (തീരുമാനം നമ്പർ 2 തീയതി 5.3.2024) പരിശോധിച്ചതിൽ നിന്നും ആയതിൽ കുറവ് തുക ക്വാട്ട് ചെയ്ത സ്ഥാപനങ്ങൾ ടെൻഡറിൽ അനുശാസിക്കുന്ന പരാമർശങ്ങൾ പലതും പാലിക്കാത്തതിനാൽ അതെല്ലാം പാലിക്കുന്ന മൂന്നാമത്തെ കുറഞ്ഞ തുക ക്വാട്ട് ചെയ്ത ആക്ഷർ ഡിജിറ്റൽ സ്റ്റോറിന്റെ ടെൻഡർ അംഗീകരിക്കുന്നതിനും തീരുമാനിച്ചു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ടി പ്രൊജക്റ്റ് നടപ്പിലാക്കിയതിൽ ശ്രദ്ധയിൽ വന്ന അപാകതകൾ താഴെ ചേർക്കുന്നു.

1) ബന്ധപ്പെട്ട ടെൻഡർ നോട്ടീസിൽ (നമ്പർ SC 3/9723/2023 തീയതി 15.2.2024) മേൽ സൂചിപ്പിച്ച പ്രകാരമുള്ള LLP(ലിമിറ്റഡ് ലയബിലിറ്റി പാർട്ണർഷിപ്) /പ്രൈവറ്റ് ലിമിറ്റഡ് കമ്പനി സംബന്ധിച്ച നിബന്ധനകൾ ഒന്നും രേഖപ്പെടുത്തിയതായി കാണുന്നില്ല.

2) സപ്ലൈ ചെയ്ത കൂടകൾ, മറ്റു സാമഗ്രികൾ എന്നിവ ഈ സ്ഥാപനങ്ങൾ ഉൽപ്പാദിപ്പിക്കുന്നവയല്ല. ആയതിനാൽ ടി ഉപകരണങ്ങളുടെ പ്രവർത്തനം, വിൽപ്പനാനന്തര സേവനം എന്നിവയിൽ സപ്ലൈ ചെയ്യുന്ന കമ്പനിയുടെ സ്വഭാവം/തരം എന്നതിന് വലിയ പ്രാധാന്യം ഇല്ല. സ്ഥാപനത്തിന്റെ സ്വഭാവം എന്തായാലും പഞ്ചായത്തിന്റെ നിബന്ധനകൾ ഉൾപ്പെടുത്തിയുള്ള ഒരു കരാറിൽ ഏർപ്പെടുമെന്നതിനാൽ LLP /പ്രൈവറ്റ് ലിമിറ്റഡ് കമ്പനി എന്ന നിബന്ധന വെച്ചത് കൊണ്ട് ഈ പ്രവൃത്തിയിൽ ഉണ്ടാകുമെന്നു പ്രതീക്ഷിച്ചിരുന്ന നേട്ടം എന്താണെന്നു ബന്ധപ്പെട്ട ഫയലിൽ എവിടെയും വിശദീകരിച്ചിട്ടില്ല.

3) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ, സാങ്കേതികാനുമതി (no.49/EE/LSG/2023-24 തീയതി 7.2.2024) നൽകിയ എസ്റ്റിമേറ്റിൽ ഈ കൂടകളുടെ പ്രവർത്തനം, മെയിന്റനൻസ് എന്നിവ സംബന്ധിച്ചുള്ള പരിശീലനം കൂടി ടി സ്ഥാപനം നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയത് പഞ്ചായത്തിലെ ജീവനക്കാർക്കോ പഞ്ചായത്ത് നിർദ്ദേശിച്ച ആർക്കെങ്കിലുമോ ലഭ്യമാക്കിയതായി കാണുന്നില്ല.

ഇ - ടെൻഡറിൽ LLP/പ്രൈവറ്റ് ലിമിറ്റഡ് കമ്പനി എന്ന നിബന്ധന മുന്നോട്ടു വെച്ചിരുന്നെങ്കിൽ ആയതിന്റെ രേഖകൾ, മേൽസൂചിപ്പിച്ച അപാകതകൾക്കുള്ള വിശദീകരണം എന്നിവ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (no. 5/14.8.2025, no. 27/18.8.2025) 19.8.2025 ന് നൽകിയ മറുപടിയിൽ ടെൻഡറുമായി ബന്ധപ്പെട്ട എല്ലാ നിബന്ധനകളും കംപ്ലയൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരുന്നെന്നും ആയതു ടെൻഡർ സൈറ്റിൽ ടെൻഡർ നോട്ടീസിനൊപ്പം അറ്റാച്ച് ചെയ്തിട്ടുള്ളതാണെന്നും ആയത് പ്രകാരം ടെൻഡറിൽ പങ്കെടുക്കുന്ന കമ്പനി പ്രൈവറ്റ് അല്ലെങ്കിൽ LLP ആയിരിക്കണമെന്നും അതിന് എറണാകുളത്തു രജിസ്റ്റേർഡ് ഓഫീസ് ഉണ്ടായിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുള്ളതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട കംപ്ലയൻസ് ഷീറ്റ് മറുപടിയോടൊപ്പം ലഭ്യമാക്കി എന്നറിയിച്ചിരുന്നെങ്കിലും ആയതു ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട ഇ-ടെൻഡർ നോട്ടീസും ഹാജരാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച മറുപടി അംഗീകരിക്കാവുന്നതല്ല. കുറഞ്ഞ തുക ക്വാട്ട് ചെയ്ത 2 കമ്പനികളും എറണാകുളത്ത് ഓഫീസ് ഉള്ളവയും ടെണ്ടർ എസ്റ്റിമേറ്റിൽ അനുശാസിച്ച അതേ കോൺഫിഗറേഷനിൽ ഉള്ളതും വാറന്റി ഉള്ളതുമായ ഉൽപ്പന്നങ്ങൾ ഓഫർ ചെയ്തിരുന്നതുമാണ്.

മാത്രമല്ല LLP എന്നത് ഒരു കമ്പനിയുടെ പാർട്ണർമാരുടെ സ്വന്തം സ്വത്തു കമ്പനിയുടെ ബാധ്യതയിൽ നിന്നും സംരക്ഷിക്കുന്ന വേറിട്ട് നിർത്തുന്ന ഒരു സംവിധാനമാണ്. എന്ത് നേട്ടമാണ് ഈ ഒരു പ്രത്യേകത ഒരു നിബന്ധനയായി മുന്നോട്ടു വെച്ചതിലൂടെയും ആയതുവഴി 137623.40 രൂപ കൂടുതൽ ക്വാട്ട് ചെയ്ത ആക്ഷർ ഡിജിറ്റൽ സ്റ്റോർ LLP എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തതിലൂടെയും പഞ്ചായത്തിന് ലഭിച്ചത് എന്ന കാര്യം കൃത്യമായി വിശദീകരിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. യഥാർത്ഥത്തിൽ പ്രവൃത്തിയുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു നിബന്ധന ടെൻഡർ നോട്ടീസിൽ വെച്ചതിലൂടെ കൂടുതൽ സ്ഥാപനങ്ങൾക്ക് ടെൻഡറിൽ പങ്കെടുക്കാനുള്ള അവസരം നിഷേധിക്കുകയാണ് ചെയ്തിരിക്കുന്നത്. ഈ നിബന്ധന ഉൾപ്പെടുത്തി ടെൻഡർ വിളിച്ചതിനു ശേഷം പിന്നീട് പ്രൊക്യൂർമെന്റ് കമ്മിറ്റിക്കും, പഞ്ചായത്ത് കമ്മിറ്റിക്കും ആയതു നീക്കാൻ സാധിക്കുകയില്ല. ആയതിനാൽ തികച്ചും അനാവശ്യമായ നിബന്ധന ടെൻഡർ നോട്ടീസിൽ/പദ്ധതിയിൽ ഉൾപ്പെടുത്തിയത് മൂലം നിർവ്വഹണ ഉദ്യോഗസ്ഥൻ പഞ്ചായത്തിന് 137623.40 രൂപ നഷ്ടം ഉണ്ടാക്കിയതായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ ഈ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-35 ഭവന നിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുന്ന വിവിധ ഭവന പദ്ധതികൾ സംബന്ധിച്ച രജിസ്റ്റർ, മറ്റുരേഖകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയും പദ്ധതി വിഭാവനം ചെയ്യുന്ന വിധം നിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടില്ല എന്ന് കാണുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

1) ലൈഫ് മിഷൻ ഭവന പദ്ധതിയുടെ 2024 ജനറൽ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയും ഭവന നിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടില്ല എന്നു കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര്, വിലാസം | ആദ്യ ഗഡു നൽകിയ തീയതി | അവസാനം ഗഡു കൈപ്പറ്റിയ തീയതി | ഇതുവരെ ആകെ കൈപ്പറ്റിയ തുക | നിലവിൽ പണി തീർന്ന ഘട്ടം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | സുരേന്ദ്രൻ, തുരുത്തുമ്മാലിൽ | 11.5.2023 | 28.5.2025 | 200000 | ബേസ്മെൻറ് |
| 2 | രാജമ്മ, വെളിയത്തുപുറക്കൽ | 11.5.2023 | 8.8.2023 | 360000 | റൂഫ് |
| 3 | ത്രേസ്യ ... കളത്തിൽ | 26.4.2023 | 27.10.2023 | 300000 | ലിന്റൽ |
| 4 | വനജ കെ പി, കലങ്ങത്തുരുത്തി | 22.8.2023 | 15.12.2023 | 300000 | ലിന്റൽ |
| 5 | ജയ കെ പി, ... | 15.11.2024 | | 350000 | റൂഫ് |
| 6 | മേരി വർഗീസ്, ... | 24.6.2024 | 18.1.2025 | 350000 | റൂഫ് |
| 7 | കെ ജി മുരളീധരൻ, കരിമ്പാട്ട് | 19.9.2024 | 8.1.2024 | 200000 | ലിന്റൽ |
| 8 | ലത കെ ജി, കരോട്ടുപറമ്പിൽ | 19.9.2024 | 21.6.2025 | 350000 | റൂഫ് |
| 9 | ദീപ വി എ | 12.3.2024 | 25.10.2024 | 350000 | റൂഫ് |

2)

| | |
|---|---|
| പ്രൊജക്ട് നമ്പർ | 42/25 |
| പ്രൊജക്ടിന്റെ പേര് | വീട് വാസയോഗ്യമാക്കൽ (എസ്.സി) |
| അടങ്കൽ | 3350000 |
| ചെലവ് | 1850000 |

മേൽ സൂചിപ്പിച്ച വീട് വാസയോഗ്യമാക്കൽ (എസ്.സി) പദ്ധതിയിൽ ഉൾപ്പെടുന്ന താഴെപ്പറയുന്ന ഗുണഭോക്താക്കൾ ആദ്യഗഡുവായ 50000 രൂപ മാത്രം കൈപ്പറ്റിയതായും (ആകെ ധനസഹായം 100000) നാളിതുവരെയും ഭവന നിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടില്ല എന്നു കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര്, വിലാസം | ആദ്യ ഗഡു നൽകിയ തീയതി |
|---|---|---|
| 1 | ഓമന രാജൻ, ചാത്തപറമ്പിൽ, മനക്കപ്പടി | 21.1.2025 |
| 2 | അമ്മിണി കൃഷ്ണൻകുട്ടി, മണ്ണേഴ, മനക്കപ്പടി | 5.2.2025 |
| 3 | [illegible] | 16.3.2025 |

3)

| | |
|---|---|
| പ്രൊജക്ട് നമ്പർ | 48/25 |
| പ്രൊജക്ടിന്റെ പേര് | വീട് വാസയോഗ്യമാക്കൽ (ജനറൽ) |
| അടങ്കൽ | 2000000 |
| ചെലവ് | 1750000 |

മേൽസൂചിപ്പിച്ച വീട് വാസയോഗ്യമാക്കൽ (ജനറൽ) പദ്ധതിയിൽ ഉൾപ്പെടുന്ന താഴെപ്പറയുന്ന ഗുണഭോക്താക്കൾ ആദ്യഗഡുവായ 50000 രൂപ മാത്രം കൈപ്പറ്റിയതായും (ആകെ ധനസഹായം 100000) നാളിതുവരെയും ഭവന നിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടില്ല എന്നു കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് വിലാസം | ആദ്യ ഗഡു നൽകിയ തീയതി |
|---|---|---|
| 1 | മിനി, കല്ലുപറമ്പത്തു വീട് | 15.1.2025 |
| 2 | കുഞ്ഞാപ്പൻ കെ എം, കല്ലുവാപറ, മാട്ടുപുറം, മാഞ്ഞാലി | 21.2.2025 |
| 3 | ഫാസിൽ, ആലുങ്ങാട്, മാഞ്ഞാലി | 21.2.2025 |

മേൽ സൂചിപ്പിച്ചതു പ്രകാരം തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് മുമ്പാകെ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/19.08.25) ലഭ്യമാക്കിയ

മറുപടിയിൽ മേൽസൂചിപ്പിച്ച പല ഗുണഭോക്താക്കളുടെയും ഭവനനിർമ്മാണം അവസാന ഘട്ടത്തിൽ ആണെന്നും ഉടൻ തന്നെ പൂർത്തീകരിച്ചു അവസാന ഗഡു നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

വീട് വാസയോഗ്യമാക്കൽ ജനറൽ പദ്ധതിയിൽ ഉൾപ്പെട്ട ഹാസിൽ എന്ന വ്യക്തി ആദ്യ ഗഡു കൈപ്പറ്റിയ ശേഷം നിർമ്മാണ പ്രവൃത്തികൾ ഒന്നും ആരംഭിച്ചിട്ടില്ലെന്നും ടിയാനിൽ നിന്നും തുക പലിശ അടക്കം തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ 27.6.2025 മുതൽ ആരംഭിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തിയാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1.36 ഹൈമാസ്റ്റ് ലൈറ്റ് മെയിന്റനൻസ് പ്രൊജക്റ്റ് നടപ്പാക്കിയതിലെ അപാകത- 100000/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രൊജക്റ്റ് | ഹൈമാസ്റ്റ് ലൈറ്റ് മെയിന്റനൻസ് (279/23) |
| അടങ്കൽ | 100000 (വികസന ഫണ്ട് – പൊതു/വിഭാഗം സാധാരണ വിഹിതം ) |
| ചെലവ് | 100000 (വികസന ഫണ്ട് – പൊതു/വിഭാഗം സാധാരണ വിഹിതം ) |
| ബിൽ നമ്പർ | 597 തീയതി 24.03.2025 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, കരുമാല്ലൂർ ഗ്രാമപഞ്ചായത്ത് |

2022-23 സാമ്പത്തിക വർഷം വിവിധ വാർഡുകളിലെ ഹൈമാസ്റ്റ് ലൈറ്റുകളുടെ മെയിന്റനൻസിനായി ഒരു ലക്ഷം രൂപ അടങ്കൽ ആയി നിശ്ചയിച്ചു കൊണ്ട് പ്രൊജക്റ്റ് രൂപീകരിച്ചിരുന്നു. ആയതിനെ തുടർന്ന് 30.1.23ൽ ടെൻഡർ ക്ഷണിച്ച ശേഷം കുറവ് തുക (മൊത്തത്തിന് 22000/-) ക്വോട്ട് ചെയ്ത റിസാഫ് ലൈറ്റിംഗ് സൊല്യൂഷൻസ്, തൊടുപുഴ എന്ന സ്ഥാപനവുമായി 17.3.23 ന് കരാർ വെക്കുകയും അന്നേ ദിവസം തന്നെ വർക്ക് ഓർഡർ (Sc 3/9725/23 തീ .17.2.23) നൽകുകയും ചെയ്തിരുന്നു. 16.8.23 ന് സെക്രട്ടറി ടി സ്ഥാപനത്തിന് അയച്ച കത്തിൽ ഏൽപ്പിച്ച പ്രവൃത്തി പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും ചെയ്തിട്ടില്ലെന്നും സേവനം തൃപ്തികരമല്ലാത്തതിനാൽ കരാർ റദ്ദു ചെയ്യാൻ കമ്മിറ്റി തീരുമാനിച്ചെന്നും ഹൈമാസ്റ്റ് ലൈറ്റുകളിലെ ലൈറ്റുകൾ മാറ്റി പകരം നിലവാരം കുറഞ്ഞവ സ്ഥാപിച്ചെന്നും ആയതിനാൽ പഴയ ഗുണമേന്മയുള്ളവ പുനസ്ഥാപിച്ചു നൽകണമെന്നും ആവശ്യപ്പെട്ടിരുന്നു.

നിലവിൽ പ്രവർത്തന രഹിതമായത് മെറ്റൽ ഹാലൈഡ് ലൈറ്റുകൾ ആണെന്നും സോഡിയം വേപ്പർ ലാമ്പ് നിരോധിച്ചതിനാൽ പാർട്ട്സ് കിട്ടാൻ ബുദ്ധിമുട്ട് ആയതിനാൽ ആണ് കാലതാമസം ഉണ്ടാകുന്നതെന്നും പകരം അഴിച്ചെടുത്ത ലൈറ്റുകളുടെ ഫ്രെയിമിൽ LED ലൈറ്റുകൾ ഘടിപ്പിച്ചു തരാമെന്നും സ്ഥാപനം അറിയിച്ചതിനെ തുടർന്ന് ആയതിനു അനുവാദം നൽകി (കമ്മിറ്റി തീരുമാനം നമ്പർ 1/11 തീയതി 6.12.23).

എന്നാൽ സ്ഥാപനത്തിന്റെ ഭാഗത്തു നിന്നും യാതൊരു പ്രതികരണവും ഉണ്ടാകാത്ത സാഹചര്യത്തിൽ ആലുവ വെസ്റ്റ് പോലീസ് സ്റ്റേഷനിൽ മേൽ കാര്യങ്ങൾ സൂചിപ്പിച്ചു കൊണ്ട് SC 3/8401/23 തീയതി 10.1.24 കത്ത് മുഖേന സെക്രട്ടറി പരാതി നൽകിയിട്ടുണ്ട്.

പിന്നീട് സ്ഥാപനം നൽകിയ 22.3.25 തീയതിയിലെ കത്തിൽ തങ്ങൾക്കു ഹൈമാസ്റ്റ് ലൈറ്റ് മെയിന്റനൻസിനായി വർക്ക് ഓർഡർ ലഭിച്ചിട്ടുള്ളതാണെന്നും അതുപ്രകാരം ലൈറ്റുകൾ റിപ്പയർ ചെയ്തിട്ടുണ്ടെന്നും ആയതു സംബന്ധിച്ച വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം (വാർഡ് നമ്പർ 16, 2, 6, 4, 1, 13) ഇതോടൊപ്പം സമർപ്പിക്കുന്നുവെന്നും പ്രവൃത്തിയുടെ തുക അനുവദിക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. കത്തിനോടൊപ്പം ഒരു ലക്ഷം രൂപയുടെ ടാക്സ് ഇൻവോയ്സ് (നമ്പർ 02988/24-25 തീയതി 24.3.25) സ്ഥാപനം സമർപ്പിച്ചിട്ടുണ്ട്.

ആയതിനെ തുടർന്ന് തൽ വർഷത്തെ മേൽ സൂചിപ്പിച്ച സ്പിൽ ഓവർ പദ്ധതി പ്രകാരം ടി സ്ഥാപനത്തിന് തുക (100000/- ബിൽ 597 തീയതി 24.3.25) അനുവദിച്ചിട്ടുണ്ട്.

മേൽ വിഷയത്തിൽ താഴെ പറയുന്ന കാര്യങ്ങളിൽ വിശദീകരണം/രേഖകൾ എന്നിവ ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 5 തീയതി 14.8.2025) നൽകിയിരുന്നു.

1) ടി സ്ഥാപനത്തിന് 17.2.23 ൽ വർക്ക് ഓർഡർ നൽകിയിട്ടു 2 വർഷം കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ കരാർ റദ്ദു ചെയ്തു പുതിയ ടെൻഡർ വിളിക്കാതിരുന്നതിനുള്ള കാരണം.

2) 2 വർഷം കഴിഞ്ഞിട്ടും സ്ഥാപനത്തിന് ലൈറ്റുകൾ മെയിന്റനൻസ് ചെയ്യാൻ പഞ്ചായത്ത് കമ്മിറ്റി അനുവാദം നൽകിയിട്ടുണ്ടെങ്കിൽ ആയതു സംബന്ധിച്ചുള്ള കമ്മറ്റി തീരുമാനത്തിന്റെ വിവരം, സ്ഥാപനവുമായി പുതിയ കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം.

3) സ്ഥാപനം മുൻപ് അഴിച്ചു കൊണ്ട് പോയ ലൈറ്റുകൾ തന്നെയാണോ റിപ്പയർ ചെയ്തു തിരികെ ഫിറ്റ് ചെയ്തതെങ്കിൽ ആയതിന്റെ വിവരം.

4) പഴയ ലൈറ്റുകളുടെ സ്ഥാനത്തു LED ലൈറ്റുകൾ ഫിറ്റ് ചെയ്താണ് റിപ്പയർ നടത്തിയിരിക്കുന്നതെങ്കിൽ അഴിച്ചെടുത്ത പഴയ ലൈറ്റുകൾ സ്ഥാപനം പഞ്ചായത്തിനു തിരികെ നൽകിയതിന്റെ വിവരം.

എന്നാൽ മേൽ സൂചിപ്പിച്ച കാര്യങ്ങൾക്ക് യാതൊരു വിധത്തിലുള്ള മറുപടിയോ മറ്റു രേഖകളോ പഞ്ചായത്ത് ഹാജരാക്കിയിട്ടില്ല. ആയതിനാൽ മേൽ സൂചിപ്പിച്ച വസ്തുതകൾ സംബന്ധിച്ച് പഞ്ചായത്ത് ഒരു അന്വേഷണം നടത്തേണ്ടതും സ്ഥാപനം അഴിച്ചെടുത്ത തരം ലൈറ്റുകൾ തന്നെ ഫിറ്റ് ചെയ്തതായി

കാണുന്നതെങ്കിൽ അവയുടെ വില കണക്കാക്കിയ ശേഷം ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ ഈയിനത്തിൽ ചെലവഴിച്ച 100,000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-37 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - 12,32,908/- രൂപ തടസ്സപ്പെടുത്തുന്നു.

2024-25ൽ സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഭാഗമായി താഴെപറയുന്ന സ്ഥാപനങ്ങളിൽ തുക അടവാക്കിയിട്ടുണ്ട്. ടി പ്രോജക്റ്റുകൾ പൂർത്തീകരിച്ചത് സംബന്ധിച്ച് അതാത് സ്ഥാപനങ്ങളിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്/ നമ്പർ | അടവാക്കിയ തുക (ബിൽ നമ്പർ) | തുക അടവാക്കിയ സ്ഥാപനം |
|---|---|---|---|
